കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അടാട്ട് ഗ്രാമപഞ്ചായത്ത്

2018-19

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ
e-mail id : dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി3)1785/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020
Ph.No. 0487 – 2331249
e-mail Id : dotsr.ksad@kerala.gov.in
തിയ്യതി : 07/02/2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അടാട്ട് ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം:- അടാട്ട് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡിക 1-15, 1-31, 1-33 എന്നിവയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി3)1785/2019 തിയ്യതി : 07/02/2020

## തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 07-09-2018 മുതൽ 17-09-2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് 2018-19 വർഷത്തിൽ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി മേരി ഹണി ജോസഫ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12-11-2019 മുതൽ 20-11-2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. സാബു പി.എസ്.<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീ.പ്രശാന്ത്.ടി.ജി.<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സ്റ്റാൻലി പി.എസ്.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.അനീറ്റ ഡോമിനിക്<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ.വി.ഒ.ചുമ്മാർ | 01/04/2018 മുതൽ 12/06/2018 വരെ |
| | ശ്രീ.ടി.ആർ.ജയചന്ദ്രൻ | 13/06/2018 മുതൽ 31/03/2019 വരെ |
| സെക്രട്ടറി | പങ്കജം എ. എം. | 01-04-2018 മുതൽ 28-09-2019 വരെ |
| | മാറ്റ്ലി എം.സി. (ഇൻ ചാർജ്ജ്) | 29-09-2019 മുതൽ 15-10-2019 വരെ |
| | തുളസിധരൻ ജി. | 16-10-2019 മുതൽ 14-03-2019 വരെ |
| | മാറ്റ്ലി എം.സി. (ഇൻ ചാർജ്ജ്) | 15-03-2019 മുതൽ 31-03-2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരു വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | സ്മിത ഫ്രാൻസിസ് | 01-04-2018 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | റിജ.പി.ടി. | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | സൈമൺ.ടി.ചുങ്കത്ത് | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ധന്യ.എം.കെ. | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ബ്ലസ്സി പോൾ | 01-04-2018 മുതൽ 23-06-2018 വരെ |
| | ഹെന്ന ജോയ് | 24-06-2018 മുതൽ 28-06-2018 വരെ |
| | ജയ.ടി.എം. | 29-06-2018 മുതൽ 31-03-2019 വരെ |
| വെറ്ററിനറി സർജൻ | രാധിക ശ്യാം | 01-04-2018 മുതൽ 31-03-2019 വരെ |
| പ്രധാന അദ്ധ്യാപിക, ജി.യു.പി.എസ്. | ലൗലി വർഗ്ഗീസ് | 01-04-2018 മുതൽ 07-05-2018 വരെ |
| | റോസിലി കെ.പി. | 08-05-2018 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ (പുഴയ്ക്കൽ സർക്കിൾ) | ബിന്ദു.കെ.ബി. | 01-04-2018 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ (ചിറ്റിലപ്പിള്ളി സർക്കിൾ) | ബാബു.സി.എ. | 01-04-2018 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | മാറ്റ്‌ലി.എം.സി. | 01-04-2018 മുതൽ 31-03-2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഡോണ വിജയൻ | 01-04-2018 മുതൽ 31-03-2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | സുഷമ.സി.വി. | 01-04-2018 മുതൽ 31-03-2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം – 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 1-11 |
| 12 | സ്ഥാപന തൊഴിൽനികുതി അടവാക്കിയിട്ടില്ല | 1-12 |
| 13 | ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണമാണ് | 1-13 |
| 14 | FTEAOS ലൈസൻസ് - അപാകതകൾ | 1-14 |
| 15 | ഒഴിഞ്ഞ കടമുറി വാടകയ്ക്ക് നല്കേണ്ടതാണ് | 1-15 |
| 16 | പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ ഫീസ് ഈടാക്കാതെ പുതുക്കൽ ഫീസ് മാത്രം ഈടാക്കി | 1-16 |

| | | |
|---|---|---|
| 17 | അമല ഹോസ്പിറ്റൽ - വസ്തുനികുതി ഓഡിറ്റ് വർഷത്തിലും ഈടാക്കിയിട്ടില്ല | 1-17 |
| 18 | ഗുണഭോക്തൃവിഹിതവും വികസനഫണ്ടും കൃത്യമായ അനുപാതത്തിൽ ചെലവഴിച്ചിട്ടില്ല | 1-18 |
| 19 | സാംസ്കാരികനിലയങ്ങളിലേക്ക് വാങ്ങിയ കസേരകൾ സ്റ്റോക്കിലെടുത്തിട്ടില്ല | 1-19 |
| 20 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് ധനസഹായം നൽകാമോയെന്ന കാര്യത്തിൽ വ്യക്തതയില്ലാതെ നടപ്പിലാക്കി | 1-20 |
| 21 | 'കേൾവിശക്തി കുറഞ്ഞ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റിനുശേഷമുള്ള ശ്രവണസഹായി' - സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല | 1-21 |
| 22 | വേൾഡ് ബാങ്ക് സപ്പോർട്ട് ടു സ്വച്ച് ഭാരത് മിഷൻ - പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റ് അനുവദിച്ച ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ് | 1-22 |
| 23 | ഭവനനിർമ്മാണത്തിന് ധനസഹായം കൈപ്പറ്റിയെങ്കിലും നിർമ്മാണം പൂർത്തിയാക്കിയില്ല | 1-23 |
| 24 | സർവ്വശിക്ഷാ അഭിയാൻ - അടവാക്കാൻ ആവശ്യപ്പെടുന്ന തുകയുടെ കൃത്യത ഉറപ്പാക്കിയില്ല | 1-24 |
| 25 | കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സ്വീകരിക്കാത്തത് മൂലം പഞ്ചായത്തിന് നഷ്ടം | 1-25 |
| 26 | സാങ്കേതികാനുമതി ഇല്ലാത്ത എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക ഡെപ്പോസിറ്റ് ചെയ്തു | 1-26 |
| 27 | പഞ്ചായത്ത് ഓഫീസ് നവീകരണം -ആർട്ട്കോ എന്ന സ്ഥാപനത്തെ ഏൽപ്പിച്ചതിലെ അപാകതകൾ | 1-27 |
| 28 | സമഗ്ര കുടിവെള്ളപദ്ധതി - വിശദാംശങ്ങൾ ലഭ്യമായില്ല | 1-28 |
| 29 | ഗ്രാമപഞ്ചായത്തിന് പുതിയ വാഹനം വാങ്ങൽ – മുഴുവൻ രേഖകളും ഹാജരാക്കിയില്ല | 1-29 |
| 30 | ചെലവിന്റെ കൃത്യത ഉറപ്പ് വരുത്താനാവശ്യമായ രേഖകൾ മുഴുവൻ ലഭ്യമാക്കിയില്ല | 1-30 |
| 31 | ഇ-ടെണ്ടർ ഫീ ലഭ്യമായില്ല | 1-31 |
| 32 | ദീർഘവീക്ഷണമില്ലാത്ത പ്രൊജക്ട് രൂപീകരണവും നിർവ്വഹണവും – പഞ്ചായത്തിന് സാമ്പത്തിക നഷ്ടം | 1-32 |
| | ഭാഗം – 2 വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ- ഇല്ല | |
| | ഭാഗം-3 ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 33 | ആദായ നികുതി പഞ്ചായത്ത് അടച്ചതു മൂലവും അധിക നിരക്കിൽ കൺസൾട്ടൻസി ചാർജ്ജ് നൽകിയത് മൂലവും പഞ്ചായത്തിന് നഷ്ടം | 3-1 |
| | ഭാഗം-4 | |
| 34 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 37 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട | 4-7 |

| | ഖണ്ഡികകളുടെ വിശദാംശം. | |
|---|---|---|
| 41 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 43 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| 44 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം – 1 |
| 45 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം –2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 26.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/ പരിഷ്കരിച്ച ബജറ്റ് 01.02.2019 തീയതിയിലെ തീരുമാനം 9(1) പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 31.05.2018 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 22-08-2019 | കെ.എസ്.എ.ടി.എസ്.ആർ.(എസ്1)1120/19(4) തീ.24.08.2019 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22354391.90 |
| വരവ് | 67903073 |
| ആകെ | 90257464.90 |
| ചെലവ് | 59739193 |
| നീക്കിയിരിപ്പ് | 30518271.90 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സായ തുക/ നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 2992360 | 15567704 | 18560064 | 15567704 | 0 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 10126000 | 10126000 | 10124661 | 1339 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 1098 | 171000 | 172098 | 49738 | 121262 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 1262581 | 3779000 | 5041581 | 3779000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 1237320 | 4038000 | 5275320 | 3440503 | 597497 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 806392 | 8051693 | 8858085 | 7225000 | 6017333 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | | | | |
| സാക്ഷരത | | 41796 | 1112 | 42908 | 0 | 42908 |
| ദുരിതാശ്വാസനിധി | | 12896 | 45828 | 58724 | 49048 | 9676 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | 16638745 | 16638745 | 16638745 | -- |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2433 | 547014 | 549447 | 546221 | 3226 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ടി.എസ്.സി. | | 0 | 1735967 | 1735967 | 180000 | 1555967 |
| ഐ.സി.ഡി.എസ് (കേന്ദ്ര വിഹിതം) | | 605701 | 247000 | 852701 | 852000 | 701 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | വിമുക്തി | 32350 | 25000 | 57350 | 18663 | 38687 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 1307391 | 1036880 | 2344271 | 1008318 | 1335953 |
| | ജില്ലാ പഞ്ചായത്ത് | 1368735 | 928932 | 2298467 | 929732 | 1368735 |
| തൊഴിൽ രഹിത വേതനം | | 0 | 113880 | 113880 | 113880 | 0 |
| Fn.help for Widow’s daughter’s marriage | | 0 | 180000 | 180000 | 180000 | 0 |
| Production Icentive to Paddy growers | | 0 | 898911 | 898911 | 898911 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് SBI | 16645489 | | | | 202924105 |
| | Adat Farmer’s bank | 308600 | | | | 178206 |
| | ട്രഷറി STSB-24 | 9977056 | | | | 4908716 |
| | J V STSB-24 | | | | | 2685697 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 49720 | 959319 | 1009039 | 970441 | 38598 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 12247395 | 12247395 | 12247395 | 0 |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 7445800 | 593 |
| വിധവാപെൻഷൻ | 15442200 | 1163 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 25903900 | 2058 |
| വികലാംഗപെൻഷൻ | 4160900 | 305 |
| അവിവാഹിത പെൻഷൻ | 3543200 | 278 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 180000 | 6 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.11.2019 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 15691/- ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

1) പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് അക്കൗണ്ട്സ് മാന്വൽ നിലവിൽ വന്നിട്ടില്ല.

2) സാംഖ്യ സോഫ്റ്റ്‌വെയറിൽ ബജറ്റ് പ്രകാരമുള്ള ക്ലിപ്തപ്പെടുത്തൽ നടക്കുന്നില്ല.

3) സെക്രട്ടറി തൻവർഷം നടപ്പാക്കിയ പ്രൊജക്ടുകളുടെ ഫയലുകളിൽ ട്രഷറി ബില്ലുകളുടെ പകർപ്പ്, ചെലവിനാധാരമായ രേഖകൾ എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.01.2019 | 04/19,05/19, 06/19 | 29.01.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.10.2018 | 13/14 to 17/18 | 30.11.2018 |

# 1-11 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>2.1തൻവർഷം</u>

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ | 3925679 | 3573477 | 364229 | 54592 |

| | | | | |
|---|---|---|---|---|
| പ്രകാരം | | | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3925679 | 3846416 | 55575 | 23698 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2838250 | 1826855 | 129893 | 931656 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2838250 | 1553916 | 309432 | 974916 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>2.2കുടിശ്ശിക</u>

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 278348 | 58950 | 238458 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 179771 | 42138 | 238552 |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ** (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 4610681 | 159349 | 4455959 |
| വാർഷിക കണക്കിലെ വിവിധ | 209332 | 116700 | 4644990 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് | (റസീറ്റ് & പേയ്മെന്റ് | ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി |

| | | | |
|---|---|---|---|
| പത്രികകൾ പ്രകാരം | ഷെഡ്യൂൾ ബി-15) | പത്രിക, ഷെഡ്യൂൾ ആർ.പി-43) | പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 200222 | 14270 | 214492 | 179548 | 2958 | 182506 | 19780 | - | 2744 | 11927 | 13374 |
| | നോൺ-റെസിഡൻഷ്യൽ | 143478 | 230655 | 374133 | 91559 | 7975 | 99534 | 6670 | - | 46592 | 222873 | 267843 |
| | ആകെ | | | 588625 | 282040 | | | 26450 | | | | 281217 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 526225 | | | 288353 | | | - | 79707 | 446518 | | |
| | | 18940+507285 =(2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State govt. Cess/levies...... ലെഡ്ജർ 2018-19) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 - State govt. Cess/levies..... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:2.1.1, 2.1.2, 2.2.1,.2.2.2, 2.3 എന്നീ ഖണ്ഡികയിലെ പട്ടികകൾ).

2.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2019-ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance collection of revenues -Property tax on Residential building | 124763 | 1095116 |
| 2 | 350410101-Advance collection of revenues -Property tax on Non- | 2865 | 268162 |

| | | | |
|---|---|---|---|
| | Residential building | | |

2.6 1/4/2018 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ അടാട്ട് ഗ്രാമപഞ്ചായത്തിൽ 244 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ "110100101-Property tax on residential buiding"എന്ന ശീർഷകത്തിലേയും "110100103-Property tax on non residential buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് 67,63,929/- മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.7 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം2,88,353/- രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 2,82,040/- രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State govt cesses/levies in Property tax control account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 79,707 /- രൂപയാണ് (പട്ടിക 2.3 കാണുക ).

2.8 2017-18 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2018 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2018-19 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. "Prior period items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/18ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2018-19ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance collection of revenues - Property tax on Non-Residential building | 37280 | 309432 |

2.9. തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 2,75,017/- രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior period items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.9.1 നോൺ-റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800493 | 31.3.19 | 275017 |

2.10 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 61,76,265/- രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State govt levies in property tax" എന്ന ശീർഷകത്തിൽ വരേണ്ട തുക2,94,108/-ആണ്. എന്നാൽ ഈ ശീർഷകത്തിൽ 4,46,518/- രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

3. ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

i) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

ii) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

iii) ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

iv) വാടക ഡിമാന്റ് രജിസ്റ്റർ

v) ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

4. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2019 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance collection of revenues-Profession tax /inst/trad/prof | 159700 |

5. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

6.ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം “280000000-Prior Period item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2019ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | (96108) |
| 280100104-Prior period income-Property tax on non residential buildings | (4126448) |
| 280100105-Prior period income -service cess on residential | (14963) |
| | |

| | |
|---|---|
| 280200401-Prior period income-Other income | 8000 |
| 280800101-Prior period-Establishment expenses | (60) |
| 280100106-Prior period income -service cess on non residential | (824238) |

7.കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

8. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

9. വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net Decrease in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 70,01,670/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash used up by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7,40,540/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

10. 2018-19 വർഷത്തെ Income and expenditureപത്രിക പ്രകാരം 40,00,452/- രൂപ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

11 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 600/- രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

12. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 3,99,615/- രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നുണ്ട്. എന്നാൽ സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. വില രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വർഷാന്ത്യമൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

12.1സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58, 4(എ)).

13.ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഇനങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | രജിസ്റ്റർ പ്രകാരം | വാർഷിക കണക്കു പ്രകാരം |
|---|---|---|
| ഓഡിറ്റോറിയം & ഹാൾ | 255302 | 247802 |
| Other Deposits (വരവ്) | 28055 | 4000 |
| Other Deposits (ചെലവ്) | 41506 | - |

14. അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഇനങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | രജിസ്റ്റർ പ്രകാരം | വാർഷിക കണക്കു പ്രകാരം |
|---|---|---|
| Other Advance<br>Advance Adjusted | 994953<br>534711 | 1005953<br>545711 |
| KWA Deposit | 924000 | 105787 |

15. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/19 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2019 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 52,52,305/-രൂപയാണ്. എന്നാൽ 31/3/2019 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital work in progress എന്ന ശീർഷകത്തിൽ പാർട്ട് ബിൽ നൽകിയവയുടെ എല്ലാ വർക്കുകളുടെയും വിവരം ചേർത്തിട്ടില്ല. ഫൈനൽ ബിൽ നൽകിയ പല പദ്ധതികളും ആസ്തിയാക്കി മാറ്റാതെ വർക്ക് ഇൻ പ്രോഗ്രസ്സിൽ ഉൾപ്പെടുത്തി കാണുന്നു. തൻവർഷം ആസ്തിയാക്കിയ എല്ലാ ആസ്തികളുടെയും വിവരങ്ങൾ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

16.വിവിധ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ 2019 മാർച്ച് മാസത്തെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല. ആയതിനാൽ നീക്കിയിരിപ്പ് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

17. " Liability in respect of stale cheque" എന്ന ബാധ്യത ശീർഷകത്തിൽ വാർഷിക കണക്ക് പ്രകാരം 24,085/- രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. എന്നാൽ ഏതെല്ലാം തുകകളാണ് ഈ ശീർഷകത്തിലേക്ക് മാറ്റിയത് എന്ന് പരിശോധിക്കുന്നതിനായിട്ടില്ല.

18. എല്ലാ വരവിനങ്ങളിലും പ്രതിദിന / പ്രതിമാസ കളക്ഷൻ കണക്കാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. RP -3, RP -4 (140120101, 140120104, 140110109 ഒഴികെ), RP-5, ഇനങ്ങളുടെ വരവ് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

19. ബാലൻസ് ഷീറ്റ് ബി-4 പ്രകാരം ജില്ല- ബ്ലോക്ക് പഞ്ചായത്ത് വിഹിതം 1,36,87,353/- ആണ് എന്നാൽ ബി -17 പ്രകാരം 26,85,697/- രൂപ നീക്കിയിരിപ്പുണ്ട്.

20. RP31 ൽ ഉൾപ്പെടുന്ന 320800101, 320800299 എന്നീ ഹെഡ്ഡുകളിലെ വരവുകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

# 1-12 സ്ഥാപന തൊഴിൽനികുതി അടവാക്കിയിട്ടില്ല

താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ രണ്ടു അർദ്ധ വർഷങ്ങളിലെയും സ്ഥാപന തൊഴിൽനികുതി അടവാക്കിയിട്ടില്ല.

1. മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്

2. ജി.എം. മോട്ടോഴ്സ്

3. ഫയർബോൾ സർവ്വീസസ്

4. ഫോർ സ്റ്റാർ ഏജൻസീസ്

5. ബ്യൂക്കോൺ എച്ച്.ആർ കൺസൾട്ടന്റ്

6. ബി.എസ്.എൻ.എൽ. അമലനഗർ

7. അമല ഹോസ്പിറ്റൽ ക്യാന്റീൻ

8. മാവേലി സ്റ്റോർ

9. ക്വാളിറ്റി കൺഡേയ്സ്സ്

10. ന്യൂ ലൈവ് അസോഷ്യേറ്റ്സ്

11. റിയൽ എസ്റ്റേറ്റ് ഹൈപ്പർമാർക്കറ്റ്

മേൽ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 2018-19 വർഷത്തെ തൊഴിൽ നികുതിയിനത്തിലെ ഡിമാന്റിന്റെ കൃത്യത പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിന് ഓഡിറ്റിനായില്ല.

# 1-13 ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണമാണ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള വിവരങ്ങൾ അടങ്ങിയ ട്രേഡേഴ്സ് രജിസ്റ്റർ / ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തിൽ 18 വാർഡുകളിലായി 454 വ്യാപാര സ്ഥാപനങ്ങളാണ് ഉള്ളത്.

എന്നാൽ FTEAOS ലൈസൻസ് എടുത്തിട്ടുള്ളത് 581 സ്ഥാപനങ്ങളാണ് . 349 ട്രേഡേഴ്സും 40 സ്ഥാപനങ്ങളുമാണ് തൊഴിൽനികുതി അടവാക്കിയിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയതിലെ അപാകതകളിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

സ്ഥല പരിശോധന നടത്തി വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും എല്ലാ സ്ഥാപനങ്ങളും ചട്ടപ്രകാരമാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ട്രേഡേഴ്സ് രജിസ്റ്റർ ഓരോ വർഷവും തയ്യാറാക്കുമ്പോൾ കെട്ടിട നമ്പർ മാറിയ കെട്ടിടങ്ങളുടെ വിവരവും, വ്യാപാരം ഉപേക്ഷിച്ച കെട്ടിടങ്ങൾ ഉൾപ്പെടുത്തി ഒഴിവാക്കൽ ലിസ്റ്റും, പുതിയ കെട്ടിടങ്ങൾ ചേർത്ത് പുതുതായി ചേർക്കൽ ലിസ്റ്റും വാർഡ് തിരിച്ച് ഉൾപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ട്രേഡേഴ്സ് ലിസ്റ്റ് രേഖപ്പെടുത്തലുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതും ആയതു പ്രകാരം ഡിമാന്റ് നിർണ്ണയിച്ച് ഗ്രാമപഞ്ചായത്ത് പരിധിയ്ക്കകത്തെ FTEAOS ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാവരും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. തൊഴിൽനികുതിയും അടവാക്കിയിട്ടുണ്ടെന്ന് അപ്രകാരം തന്നെ ഉറപ്പ് വരുത്തേണ്ടതാണ്.

ഫെബ്രുവരി മാസത്തിലെ അവസാനത്തെ പ്രവൃത്തി ദിവസം, മുൻ വർഷം ലൈസൻസ് എടുത്തവരെല്ലാം പുതുക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നല്കേണ്ടതുമാണ്.

# 1-14 FTEAOS ലൈസൻസ് - അപാകതകൾ

<u>ലൈസൻസിന് പഴയ മാതൃക പിന്തുടരുന്നു</u>

31.10.17-ലെ സ.ഉ (സാധാ) നം. 80/2017/ത.സ്വ.ഭ.വ പ്രകാരം ഡി & ഒ ലൈസൻസ് എന്നത് FTEAOS ലൈസൻസ് എന്ന് പുനർനാമകരണം ചെയ്യപ്പെട്ടതിന് 31.10.17 മുതൽ പ്രാബല്യമുണ്ട്. മേൽ പറഞ്ഞ ഭേദഗതിയുടെ അടിസ്ഥാനത്തിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ട ലൈസൻസ് തുക, ലൈസൻസിന്റെ മാതൃക എന്നിവ പുതുക്കേണ്ടതാണ്. എന്നാൽ 2018-19 വർഷത്തിൽ ലൈസൻസുകളെല്ലാം പഴയ മാതൃകയിലാണ് നൽകിയിട്ടുള്ളത്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ., എസ്.ആർ.ഒ നമ്പർ 674/2017 വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്, ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് 2018-19 സാമ്പത്തിക വർഷത്തിൽ 581 അപേക്ഷകരിൽ നിന്നായി ലൈസൻസ് ഫീസ് ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും, ഏത് മാനദണ്ഡപ്രകാരമാണ് ഫീസ് ഈടാക്കിയത് എന്ന് വ്യക്തമല്ല. അപേക്ഷയിലോ അനുബന്ധരേഖകളിലോ പരിശോധന റിപ്പോർട്ടിലോ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല.

<u>ലൈസൻസ് അപേക്ഷയോടൊപ്പം മറ്റു രേഖകൾ ഒന്നും ഫയലിലില്ല</u>

പെട്രോൾ, ഡീസൽ വില്പന നടത്തുന്നതിനായി FTEAOS ലൈസൻസിന് അപേക്ഷിക്കുകയും ആയത് അനുവദിക്കപ്പെടുകയും ചെയ്തത് രണ്ട് സ്ഥാപനങ്ങളാണ്:

1. ഫോർ സ്റ്റാർ ഏജൻസീസ്, പുഴയ്ക്കൽ- ടി.എൻ. വിശ്വനാഥൻ

2.എച്ച്. പി. പെട്രോളിയം-തൃശ്ശൂർ ജില്ലാ ഓട്ടോ ഡ്രൈവേഴ്സ് സഹകരണ സംഘം - പി.കെ. പുഷ്കരൻ

ലൈസൻസ് അപേക്ഷയോടൊപ്പം Fire NOC/ Explosives License തുടങ്ങിയ മറ്റു രേഖകൾ ഒന്നും ഫയലിലില്ല. കേന്ദ്ര ഗവ. സ്ഥാപനമായ Petroleum & Explosives Safety Organisation (PESO) നല്കുന്ന എക്സ്പ്ലോസീവ് ലൈസൻസ്, തീ പിടുത്തത്തെ പ്രതിരോധിക്കാൻ ക്ഷമതയുണ്ട് എന്ന് ഉറപ്പ് വരുത്തുന്ന Fire & Rescue Services നല്കുന്ന സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ അപേക്ഷയോടൊപ്പം ലഭ്യമാക്കേണ്ടതുണ്ട്. രേഖകൾ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി (നം. 14/21.11.2019)

ലഭ്യമായശേഷം ക്രമ നം.2 സ്ഥാപനത്തിൽ നിന്നും രേഖകൾ ലഭ്യമാക്കി എന്ന മറുപടി നല്കിയിട്ടുണ്ട്. ഫോർ സ്റ്റാർ ഏജൻസീസ് എന്ന സ്ഥാപനത്തിന്റെ പ്രസ്തുത സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്.

അപകടരഹിതമായാണ് സ്ഥാപനം പ്രവർത്തിക്കുന്നത് എന്ന് FTEAOS ലൈസൻസ് നല്കുന്ന സ്ഥാപനം ഉറപ്പു വരുത്തേണ്ടത് അനിവാര്യമാണ്. അതിനാൽ ഗ്രാമപഞ്ചായത്ത് ഇക്കാര്യങ്ങളിൽ ജാഗ്രത പുലർത്തേണ്ടതാണ്.

<u>ലൈസൻസ് - പിഴത്തുക ഡിമാന്റ് ചെയ്തിട്ടില്ല</u>

താമസിച്ച് സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ ലൈസൻസ് ഫീസിന്റെ 25 ശതമാനം അധികഫീസ് ചുമത്താവുന്നതാണ്. 2018-19 വർഷത്തിൽ FTEAOS ലൈസൻസ് താമസിച്ച് അപേക്ഷിച്ചവരിൽനിന്നും പിഴത്തുക ഡിമാന്റ് ചെയ്തിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

# 1-15 ഒഴിഞ്ഞ കടമുറി വാടകയ്ക്ക് നല്കേണ്ടതാണ്

2018-19 വർഷത്തിൽ ഒഴിഞ്ഞു കിടന്നിരുന്ന കടമുറി നം. VIII/3F ഹരിശ്രീ കുടുംബശ്രീയ്ക്കാണ് വാടകയ്ക്ക് നല്കിയിരുന്നത് (ഓഡിറ്റ് റിപ്പോർട്ട് നം.കെ.എസ്.എ.ടി.എസ്.ആർ.(പി3)1671/2018/28.11.2018, ഖണ്ഡിക2(2)-ൽ കരാർ പുതുക്കാത്തതും വാടക ഈടാക്കാത്തതുമായി പരാമർശിച്ചിട്ടുള്ളത്) പ്രസ്തുത കടമുറിയോടു ചേർന്നുള്ള മറ്റു കടമുറികൾ കെട്ടിടം പുതുക്കിപ്പണിതതിനുശേഷവും പ്രവർത്തനസജ്ജമായപ്പോൾ ഈ മുറി മാത്രം ഒഴിഞ്ഞു കിടക്കുന്നതായി വാടക രജിസ്റ്ററിൽ കാണുന്നതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 01/13.11.2019), നിലവിൽ ഒഴിഞ്ഞു കിടക്കുന്ന VIII/3F നമ്പർ കെട്ടിടം വാടകയ്ക്ക് നല്കാനുള്ള ലേലനടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന മറുപടിയാണ് നല്കിയിട്ടുള്ളത്. പ്രസ്തുത ലേലനടപടികൾ ത്വരിതപ്പെടുത്തുകയും പഞ്ചായത്തിന് വാടകയിനത്തിൽ ലഭിക്കേണ്ടതായുള്ള തുകകൾ കുറവു വരാതെ ശ്രദ്ധിക്കേണ്ടതുമാണ്.

# 1-16 പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ ഫീസ് ഈടാക്കാതെ പുതുക്കൽ ഫീസ് മാത്രം ഈടാക്കി

2018-19 വർഷത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ പരിശോധനയിൽ രജിസ്ട്രേഷൻ നടത്തിയ രണ്ടു സ്ഥാപനങ്ങളിൽ നിന്നും (1.ആദീസ് സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക് 2.ഹെൽത്ത് കെയർ ലബോറട്ടറി) രജിസ്ട്രേഷൻ ഫീസായ 200/- രൂപ ഈടാക്കേണ്ടതിനു പകരം പുതുക്കൽ ഫീസായ 50/- രൂപ മാത്രം ഈടാക്കിയതായി ബോധ്യപ്പെട്ടു. ആയതിനു വിശദീകരണം നല്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി (നം. 07/20.11.2019) ലഭ്യമായശേഷം ടി സ്ഥാപനങ്ങളിൽ നിന്നും തെറ്റായി ഈടാക്കിയ രജിസ്ട്രേഷൻ ഫീസിന്റെ ബാക്കി തുക കൂടി രണ്ടു സ്ഥാപനങ്ങളിലും നിന്ന് ഈടാക്കി അറിയിച്ചിട്ടുണ്ട് (രസീത് നം. 119080106362, 119080106363 തീ.21.11.2019).

ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-17 അമല ഹോസ്പിറ്റൽ- വസ്തുനികുതി ഓഡിറ്റ് വർഷത്തിലും ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് 10-ാം വാർഡിൽ പ്രവർത്തിക്കുന്ന അമല ക്യാൻസർ ഹോസ്പിറ്റൽ സൊസൈറ്റിക്ക് 2013-14 വർഷം പഞ്ചായത്ത് നല്കിയ വസ്തുനികുതി ഡിമാന്റ് നോട്ടീസിന് എതിരെയും കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 2017(1)(b) പ്രകാരമുള്ള ഇളവ് അനുവദിക്കുന്നതിനുമായി ഹോസ്പിറ്റൽ ഡയറക്ടർ കേരള ഹൈക്കോടതിയിൽ സമർപ്പിച്ച WP(C) No. 11812 of 2015-B റിട്ടിന്മേൽ 19.09.2018 ൽ വിധി പുറപ്പെടുവിച്ചതിൽ ".....there is no notice before assessment or before the demand notices Exts P4 to P107 are issued, I set aside Exts P4 to P107 and direct the panchayath to take appropriate action for assessment of property tax in accordance with law, with notice to the petitioner." എന്ന് പ്രതിപാദിച്ചിട്ടുണ്ട്.

29.11.2018-ൽ C4/888/18 നം. കത്ത്പ്രകാരം പഞ്ചായത്ത് സെക്രട്ടറി, അമല ഹോസ്പിറ്റൽ ഡയറക്ടർക്ക് വസ്തുനികുതി ഡിമാന്റ് നോട്ടീസ് (2013 മുതലുള്ള കുടിശ്ശിക, പിഴപ്പലിശ ഉൾപ്പെടെ) അയയ്ക്കുകയും തുടർന്ന് 15.01.2019-ലെ C4/7654/2018

കത്ത്പ്രകാരം ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക അടവാക്കിയശേഷം കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം പുനഃപരിശോധിക്കുന്നതാണെന്ന് അറിയിച്ചെങ്കിലും 1 മുതൽ 100 വരെയുള്ള കെട്ടിടങ്ങളുടെ അസസ്സ്മെന്റ് നടത്താതെ പണം അടവാക്കുവാൻ സാധ്യമല്ല എന്ന് ഹോസ്പിറ്റൽ ഡയറക്ടർ അറിയിച്ചു. പദ്ധതിപ്രവർത്തനങ്ങൾ അടിയന്തരമായി ചെയ്തുതീർക്കേണ്ടതിനാൽ പഞ്ചായത്ത് AE, LSGD കെട്ടിടങ്ങൾ അളന്ന് തിട്ടപ്പെടുത്തിയില്ല.

ഹോസ്പിറ്റൽ ഫയൽ ചെയ്ത റിട്ട് WP(C) No. 8100/2019 വിധി 01.08.2019-ൽ വന്നതുപ്രകാരം പഞ്ചായത്ത്, ഹോസ്പിറ്റൽ കെട്ടിടങ്ങൾ അളക്കുവാനുള്ള ബദൽ സംവിധാനമുണ്ടാക്കണമെന്ന് നിർദ്ദേശിച്ചു.

പഞ്ചായത്ത് സെക്രട്ടറിയുടെ നേതൃത്വത്തിൽ സ്ഥലപരിശോധന നടത്തുകയും അമല അധികൃതരുടെ കൂടി സഹകരണത്തോടെ പ്രസ്തുത കെട്ടിടസമുച്ചയങ്ങളുടെ വിസ്തീർണ്ണം നിശ്ചയിക്കുകയും ചെയ്തു. ആയതിനെ തുടർന്ന് പുതിയ വിസ്തീർണ്ണം അനുസരിച്ച് നികുതി പുനർനിർണ്ണയം നടത്തി നികുതി അടവാക്കുന്നതിനായി ഡിമാന്റ് നോട്ടീസ് സഹിതം 30.09.2019 തീയതിയിൽ അയച്ചുനല്കുകയും ചെയ്തിട്ടുണ്ട്.

ചുരുക്കത്തിൽ, 2018-19 കാലയളവിൽ അമല ഹോസ്പിറ്റൽ വസ്തുനികുതി അടവാക്കിയിട്ടില്ല. 2019-20 ലെ മേൽപ്രസ്താവിച്ച കാര്യങ്ങൾ ഓഡിറ്റ് കാലയളവുവരെ നടന്നിട്ടുണ്ടെങ്കിലും ഹോസ്പിറ്റൽ അധികൃതർ പണമടവാക്കുകയുണ്ടായിട്ടില്ല. പഞ്ചായത്തിന് അർഹതപ്പെട്ട തുക വസൂലാക്കുന്നതിന് ഉപേക്ഷ കൂടാതെ പ്രവർത്തിക്കേണ്ടതാണ്.

# 1-18 ഗുണഭോക്തൃവിഹിതവും വികസനഫണ്ടും കൃത്യമായ അനുപാതത്തിൽ ചെലവഴിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി
പദ്ധതി : പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ളസംഭരണി

അടങ്കൽ : 9,30,800/- (7,32,170/- വികസനഫണ്ട് എസ്.സി.പി, 1730/- തനത് ഫണ്ട്, 1,96,900/- ഗുണഭോക്തൃവിഹിതം)

ചിലവ് : 6,34,397/-

കുടിവെള്ളസംഭരണി നൽകുന്ന പദ്ധതിക്കായി ഒരു ഗുണഭോക്താവിൽ നിന്നും 550/- രൂപ നിരക്കിൽ 266 ഗുണഭോക്താക്കളിൽ നിന്നും 1,46,300/- രൂപ ഈടാക്കിയിട്ടുണ്ട്. 244 വാട്ടർ ടാങ്കുകളാണ് തൻവർഷം വിതരണത്തിനായി സെൽസർ പോളിമേഴ്സ്, മുണ്ടൂർ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുള്ളത്. ഇതിനായി, 5,96,170/- രൂപ വികസനഫണ്ടും 38,227/- രൂപ ഗുണഭോക്തൃവിഹിതവുമാണ് ചെലവഴിച്ചിട്ടുള്ളത്. ഒരാളുടെ ഗുണഭോക്തൃവിഹിതം 550/- രൂപയായതിനാൽ ആകെ 1,34,200/- രൂപ ടി വിഹിതത്തിൽ നിന്നും ചെലവഴിക്കേണ്ടതായിരുന്നു. ഇപ്രകാരം ചെയ്തിട്ടില്ലാത്തതിനാൽ, ആകെ 95,923/- രൂപ വികസനഫണ്ടിൽ നിന്നും തൻവർഷം അധികം വിനിയോഗിച്ചു. വികസനഫണ്ടും ഗുണഭോക്തൃവിഹിതവും വകയിരുത്തിയ അനുപാതത്തിൽ തന്നെ വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-19 സാംസ്കാരികനിലയങ്ങളിലേക്ക് വാങ്ങിയ കസേരകൾ സ്റ്റോക്കിലെടുത്തിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി
പദ്ധതി : പട്ടികജാതി സാംസ്കാരികനിലയങ്ങളിലേക്ക് കസേര, മൈക്ക്സെറ്റ് വാങ്ങൽ

അടങ്കൽ : 2,00,000/- (1,92,464/- വികസനഫണ്ട് എസ്.സി.പി, 7536/- തനത് ഫണ്ട് ) ചിലവ് : 1,92,800/-

ട്രഷറി ബിൽ : 12/18-19 dt. 27.02.19 (96710/-), 14/18-19 dt. 27.02.19, 336/- തനത് ഫണ്ട് (വൗച്ചർ നമ്പർ ലഭ്യമായില്ല)

തൃശ്ശൂർ, കരിയച്ചിറ ഫിറ്റ് വെൽ എന്ന സ്ഥാപനത്തിൽ നിന്നും തൻവർഷം 250 (ആംലെസ്സ്), 150 (വിത്ത് ആം) പ്ലാസ്റ്റിക് കസേരകൾ വാങ്ങിയിട്ടുണ്ട്. ആമ്പക്കാട്, പാരിക്കാട്, ഉടലക്കാവ് സാംസ്കാരികനിലയങ്ങളിലേക്കാണ് കസേരകൾ വാങ്ങിയിട്ടുള്ളത്. എന്നാൽ, ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്ററിലോ മേൽ സ്ഥാപനങ്ങളിലെ സ്റ്റോക്ക് രജിസ്റ്ററിലോ വാങ്ങിയ കസേരകൾ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ, ഈ ആവശ്യത്തിന് ചെലവഴിച്ച തുക 192800 തടസ്സപ്പെടുത്തുന്നു.

# 1-20 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -

# പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് ധനസഹായം നൽകാമോയെന്ന കാര്യത്തിൽ വ്യക്തതയില്ലാതെ നടപ്പിലാക്കി

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ : 8,00,000/-

ചിലവ് : 4,99,000/-

ഫണ്ട് : വികസനഫണ്ട് എസ്.സി.പി

ട്രഷറി ബിൽ സാംഖ്യ റഫറൻസ് നമ്പർ : 18130152031001074150 / 17.01.19 (50,000/-)

18130152031001157407 / 05.02.19 (50,000/-)

18130152031001332154 / 11.03.19 (99,000/-, ഗുണഭോക്താവിന് നൽകിയത് 33,000/-)

മേൽപദ്ധതിയിലെ നാലു ഗുണഭോക്താക്കളിൽ ഒരാളായ അഭിജിത്ത് വി.എം എന്നയാൾക്ക് നിലവിൽ നിയമാനുസൃതമായ വീട് അടാട്ട് ഗ്രാമപഞ്ചായത്തിൽ ഇല്ല. ടി ഗുണഭോക്താവിന്റെ വീട് പുറമ്പോക്ക് ഭൂമിയിലാണ് സ്ഥിതി ചെയ്യുന്നത്. ടി വീട് അനധികൃതകെട്ടിടങ്ങളുടെ രജിസ്റ്ററിൽ പെട്ടതാണെന്നതിനുപോലും രേഖ ഹാജരാക്കിയിട്ടില്ല. മുൻ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ അനുവദിക്കാമെങ്കിലും പഠനമുറിക്ക് ധനസഹായം നൽകാമോയെന്ന കാര്യത്തിൽ വ്യക്തതയില്ല.

| സർക്കാർ ഉത്തരവ് / സർക്കുലർ | അർഹമായ ആനുകൂല്യം |
|---|---|
| സർക്കുലർ നമ്പർ. 49297/ ആർ.എ.1/09/ തസ്വഭവ തി. 10.08.09 | റേഷൻ കാർഡ്, വൈദ്യുതി, കുടിവെള്ളം എന്നിവക്ക് താൽക്കാലിക വീട്ടുനമ്പർ |
| സർക്കുലർ നമ്പർ. 7135/ ഡി.ബി.1/14/തസ്വഭവ തി. 25.03.15 | ഭവനനിർമ്മാണ ധനസഹായം |
| ഉത്തരവ് - സ.ഉ.(സാധാ). നം.1136/15/തസ്വഭവ തി. 16.04.15 | ഐ.എ.വൈ പദ്ധതിയിൽ വീട് |
| ഉത്തരവ് - സ.ഉ.(സാധാ) നം. 585/16/തസ്വഭവ തി. 12.02.16 | ജവഹർ ഭവനപദ്ധതിയിൽ വീട് |

മേൽസൂചിപ്പിച്ച ഗുണഭോക്താവിന് ആനുകൂല്യം നൽകുന്നതിനായി റവന്യൂ അധികാരികളിൽ നിന്നുള്ള കൈവശാവകാശരേഖ പോലും ആധാരമായി സ്വീകരിച്ചിട്ടില്ല. സർക്കാർ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ലാത്ത വിഷയമേഖലകളിൽ ധനസഹായം വിതരണം ചെയ്യുന്നതിന് മുൻപ് സർക്കാരിൽ നിന്നും പ്രത്യേകാനുമതി വാങ്ങേണ്ടതാണ്.

# 1-21 'കേൾവിശക്തി കുറഞ്ഞ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റിനുശേഷമുള്ള ശ്രവണസഹായി' - സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ : 40,000/-

ചിലവ് : 40,000/-

ഫണ്ട് : വികസനഫണ്ട് പൊതുവിഭാഗം

ട്രഷറി ബിൽ . 2/18-19 / 01.01.19 (20,000/-)

3/18-19 / 24.01.19 ( 20,000/-)

മേൽ പദ്ധതിയിൽ കോക്ലിയർ ഇംപ്ലാന്റിനുശേഷമുള്ള റിപ്പയർ, മെയിന്റനൻസ് എന്നിവക്കായി ജെഫിൻ ജോസ്, തോംസി നെൽസൻ എന്നിവർക്ക് 10,000/- രൂപ വീതവും ജെനിഫർ ജുബീഷ് എന്ന ഗുണഭോക്താവിന് 20,000/- രൂപയും ധനസഹായം നൽകിയിട്ടുണ്ട്. സ.ഉ. (കൈ) നം. 22/2018/ തസ്വഭവ തി. 14.02.18 ഖ. 7.1.2.ബി പ്രകാരം കേൾവിശക്തി കുറഞ്ഞ കുട്ടികൾക്ക് ശ്രവണസഹായി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് അനുമതിയുണ്ട്. സ.ഉ.(സാധാ) നം. 426/2019/തസ്വഭവ തി. 26.02.19 പ്രകാരം കോക്ലിയർ ഇംപ്ലാന്റുകൾ പ്രവർത്തനക്ഷമമായി നിലനിർനിർത്തുന്നതിനും റിപ്പയർ ചെയ്യുന്നതിനുമായി ഒരു തദ്ദേശഭരണസ്ഥാപനത്തിൽ നിന്നും ഒരു കുട്ടിക്ക് 50,000/- രൂപ നിരക്കിൽ കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ, ഈ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി റിപ്പയർ & മെയിന്റൻസിനുള്ള ധനസഹായം ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറുകയാണ് ചെയ്തിട്ടുള്ളത്. പദ്ധതി നിർവ്വഹണം മാർഗ്ഗരേഖക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-22 വേൾഡ് ബാങ്ക് സപ്പോർട്ട് ടു സ്വച്ച് ഭാരത് മിഷൻ - പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റ് അനുവദിച്ച ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

വേൾഡ് ബാങ്ക് സപ്പോർട്ട് ടു സ്വച്ച് ഭാരത് മിഷൻ - പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റിനത്തിൽ തൃശ്ശൂർ, ശുചിത്വമിഷൻ ജില്ലാ കോ-ഓഡിനേറ്ററുടെ 22.01.19 ലെ 1068 /ഡി.എസ്.എം/ 2018 നമ്പർ ഉത്തരവുപ്രകാരം 455967/- രൂപ ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടുണ്ട്. തുക അനുവദിച്ച ഉത്തരവുപ്രകാരം താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതുണ്ട്.

1) ഗ്രാന്റ് തുക നിക്ഷേപിക്കുന്നതിനായി പ്രത്യേക അക്കൗണ്ട് ആരംഭിക്കണം.

2) പ്രത്യേകമായി കാഷ്ബുക്ക് സൂക്ഷിക്കണം.

3) ഗ്രാന്റ് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കണം.

4) ധനവിനിയോഗസാക്ഷ്യപത്രം ശുചിത്വമിഷന് നൽകണം.

ഗ്രാന്റിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട നിബന്ധനകൾ പാലിച്ചതുമായി ബന്ധപ്പെട്ട രേഖകളും നാളിതുവരെ ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങളും ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (2/18.11.19) നൽകിയെങ്കിലും മറുപടി ഹാജരാക്കിയിട്ടില്ല. ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-23 ഭവനനിർമ്മാണത്തിന് ധനസഹായം കൈപ്പറ്റിയെങ്കിലും നിർമ്മാണം പൂർത്തിയാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ.

എ) പദ്ധതി : ഭൂമിയുള്ള ഭവനരഹിതർക്ക് വീട് (ലൈഫ് പദ്ധതി - ജനറൽ), S0036/19

ബന്ധപ്പെട്ട ട്രഷറി ബിൽ : 6/18-19 തി. 13.08.2018, തുക – 40,000/-

വൗച്ചർ നമ്പർ : 21801423 / 27.12.18, തുക – 1,60,000/-

മേൽ നൽകിയ വിശദാംശങ്ങൾ പ്രകാരം രാജൻ.പി.എസ്, പുത്തൻതറയിൽ ഹൗസ്, അടാട്ട് എന്ന ഗുണഭോക്താവിന് ഭവനനിർമ്മാണധനസഹായമായി 2,00,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ, രേഖകൾ പ്രകാരം ടിയാളുടെ ഭവനനിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ഇതുസംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (4/18.11.19) ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെന്ന മറുപടിയാണ് ലഭിച്ചത്. ടിയാളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം നൽകിയ ധനസഹായം പലിശസഹിതം തിരികെ ഈടാക്കേണ്ടതാണ്.

# 1-24 സർവ്വശിക്ഷാ അഭിയാൻ - അടവാക്കാൻ ആവശ്യപ്പെടുന്ന തുകയുടെ കൃത്യത ഉറപ്പാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ചെലവഴിച്ച തുക : ട്രഷറി ബിൽ നം.9/11.7.18; ₹100000 ( വികസനഫണ്ട് )

വൗച്ചർ നം.21800622/31.7.18;₹200000 (തനത് ഫണ്ട്)

ട്രഷറി ബിൽ.നം.35/31.3.19; ₹424840( വികസനഫണ്ട്)

മേൽ പറഞ്ഞ പ്രകാരം അടാട്ട് പഞ്ചായത്ത് 724840 രൂപ തൻവർഷം ജില്ലാ പ്രൊജക്റ്റ് കോഓർഡിനേറ്റർ, സമഗ്ര ശിക്ഷാ കേരള ക്ക് നൽകിയിട്ടുണ്ട്. പുഴക്കൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ 11.01.2018 ലെ PUZ-03/18-19/SSA TSR എന്ന നമ്പറിലുള്ള കത്തിൽ 2018-19 ൽ സമഗ്ര ശിക്ഷാ കേരള, ബി. ആർ.സി. പുഴയ്ക്കലിലേക്ക് അടക്കേണ്ട വിഹിതം 1024840 രൂപയാണെന്നും അതിൽ 300000 രൂപയാണ് അടച്ചിട്ടുള്ളത് എന്നും ബാക്കിയുള്ള 724840 രൂപ അടക്കാനുള്ള നടപടി സ്വീകരിക്കണമെന്നും അടാട്ട് പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാർ നൽകുന്ന 60% വിഹിതവും തദ്ദേശഭരണസ്ഥാപനങ്ങൾ നൽകുന്ന 40% വിഹിതവും ചേർത്താണ് സമഗ്ര ശിക്ഷ കേരള പ്രവർത്തിക്കുന്നത്. എന്നാൽ എസ്.എസ്.എ. തൻവർഷം ചെയ്യുന്ന പദ്ധതികളും അവക്ക് വരുന്ന ചെലവ് ഉൾക്കൊള്ളിച്ചിട്ടുള്ള എസ്റ്റിമേറ്റും എസ്റ്റിമേറ്റ് തുകയുടെ 40 % തുക പഞ്ചായത്ത് വിഹിതമായി കണക്കാക്കിയതിന്റെ വിശദാംശങ്ങളും സമഗ്ര ശിക്ഷാ കേരളയിൽ നിന്നും ലഭിച്ചതായി കാണുന്നില്ല. ജില്ലാ പ്രൊജക്റ്റ് കോഓർഡിനേറ്റർ, സമഗ്ര ശിക്ഷാ കേരള യിൽ നിന്നും 724840 രൂപയുടെ ധനവിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. അതോടൊപ്പം ലഭിച്ചിരിക്കുന്ന ചെലവ് പത്രിക പ്രകാരം 14.69 ലക്ഷമാണ് ആകെ ചെലവ്. ആയതിനാൽ ആകെ ചെലവിന്റെ 40% തുകയാണ് (14.69x40/100=5.879 ലക്ഷം ) തദ്ദേശഭരണസ്ഥാപനം നൽകേണ്ടത്. അങ്ങനെ കണക്കാക്കുമ്പോൾ 136940 രൂപയോളം (724840-587900) ജില്ലാ പ്രൊജക്റ്റ് കോർഡിനേറ്ററുടെ കൈവശം അധികമാണെന്ന് കാണാം. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 19/23.11.2019 ന് മറുപടി ലഭ്യമാക്കിയില്ല. ഇക്കാര്യത്തിൽ പ്രൊജക്റ്റ് കോഓർഡിനേറ്ററുടെ വിശദീകരണം തേടേണ്ടതാണ്. അല്ലാത്തപക്ഷം 136940 രൂപ വരും വർഷങ്ങളിൽ ക്രമീകരിക്കേണ്ടതാണ്.

# 1-25 കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സ്വീകരിക്കാത്തത് മൂലം പഞ്ചായത്തിന് നഷ്ടം

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്റ്റ് നം./പേര് : 157/19, ഗ്രാമപഞ്ചായത്തിന്റെ അനുബന്ധസ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടറും അനുബന്ധഉപകരണങ്ങളും വാങ്ങൽ

ചെലവഴിച്ച തുക : ട്രഷറി ബിൽ നം.45/31.3.19; ₹248130(റോഡിതരസംരക്ഷണ ഗ്രാന്റ്)

കമ്പ്യൂട്ടറും അനുബന്ധഉപകരണങ്ങളും വാങ്ങുന്നതിനായി നടത്തിയ ടെണ്ടറിൽ എയ്സർ 2640ജി എന്ന മോഡൽ കമ്പ്യൂട്ടറിന് ഏറ്റവും കുറഞ്ഞ വില (₹42638) രേഖപ്പെടുത്തിയിരുന്നത് Nisdon infoway എന്ന സ്ഥാപനവും തൊട്ടടുത്ത വില (₹42879) രേഖപ്പെടുത്തിയിരിക്കുന്നത് Nest Systems and solutions എന്ന സ്ഥാപനവുമായിരുന്നു. കാനൺ 6230 DN എന്ന മോഡൽ പ്രിന്ററിന് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരുന്നത് (₹12130) ഹാൽസിയോൺ ട്രാൻസ്മിഷൻ ടെക്ക്നോളജീസ് എന്ന സ്ഥാപനവും തൊട്ടടുത്ത വില (₹12769) രേഖപ്പെടുത്തിയിരിക്കുന്നത് Nest Systems and solutions എന്ന സ്ഥാപനവുമായിരുന്നു. കമ്പ്യൂട്ടറുകളുടേയും പ്രിന്ററുകളുടേയും സ്പെസിഫിക്കേഷൻ ജില്ലാ ടെക്ക്നിക്കൽ ഓഫീസർ,ഐ.കെ.എം. പരിശോധിച്ച് കംപ്യൂട്ടറുകളുടെ കാര്യത്തിൽ Nisdon infoway എന്ന സ്ഥാപനവും Nest Systems and solutions എന്ന സ്ഥാപനവും പ്രിന്ററുകളുടെ കാര്യത്തിൽ Nisdon infoway, Nest Systems and solutions,ഹാൽസിയോൺ ട്രാൻസ്മിഷൻ ടെക്ക്നോളജീസ്,Genitis IT &AV systemsഎന്നീ സ്ഥാപനങ്ങളും

സമർപ്പിച്ചിരിക്കുന്നത് ആവശ്യപ്പെട്ട മോഡലുകളാണെന്ന് സാക്ഷ്യപത്രം നൽകുകയും വിലയുടെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കാമെന്ന് അറിയിക്കുകയും ചെയ്തിരുന്നു. ഇതനുസരിച്ച് കമ്പ്യൂട്ടർ Nisdon Infoway എന്ന സ്ഥാപനത്തിൽ നിന്നും പ്രിന്റർ ഹാൽസിയോൺ ട്രാൻസ്മിഷൻ ടെക്ക്നോളജീസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങാമായിരുന്നു. ഇപ്രകാരം വാങ്ങിയിരുന്നെങ്കിൽ വരുന്ന ചെലവ് 243332 രൂപയാണ് (42638X4+12130X6). എന്നാൽ കമ്പ്യൂട്ടറും പ്രിന്ററും വാങ്ങിയത് Nest Systems and Solutions എന്ന സ്ഥാപനത്തിൽ നിന്നും 248130 രൂപ ചെലവഴിച്ചാണ്. സ്റ്റോർസ് പർച്ചേയ്സ് മാന്വൽ, ഖണ്ഡിക 7.33(vi)(b) പ്രകാരം ടെണ്ടറിൽ ഉൾപ്പെട്ട എല്ലാ ഇനങ്ങൾക്കുമായോ ഭാഗികമായോ തുക രേഖപ്പെടുത്താൻ ടെണ്ടർമാരെ അനുവദിക്കേണ്ടതാണ്. മാത്രമല്ല ടെണ്ടർ പരസ്യത്തിൽ എല്ലാ ഇനങ്ങൾക്കും തുക രേഖപ്പെടുത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടുമില്ല. ഇപ്രകാരം 4798 രൂപയുടെ(248130-243332) അധികചെലവ് സംഭവിച്ചതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20/25.11.2019 ന് മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ 4798 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വാങ്ങിയ ഉപകരണങ്ങൾ അനുബന്ധ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തതിന്റെ രേഖകളും ലഭ്യമായില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

# 1-26 സാങ്കേതികാനുമതി ഇല്ലാത്ത എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക ഡെപ്പോസിറ്റ് ചെയ്തു

പ്രൊജക്ട് നം/പേര് : 190/19,പുഴക്കൽ പമ്പ് ഹൗസിൽ നിന്നും ചാക്യാം പറമ്പ് ഓവർഹെഡ് ടാങ്കിലേക്ക് പൈപ്പ് ലൈൻ നീട്ടൽ ഒന്നാംഘട്ടം

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ചെലവ് : ട്രഷറി ബിൽ നം.36/31.3.19; ₹500000

(ധനകാര്യകമ്മീഷൻ ഗ്രാന്റ്)

: ട്രഷറി ബിൽ നം.38/31.3.19; ₹2154093

(ധനകാര്യകമ്മീഷൻ ഗ്രാന്റ്)

2018-19 ൽ 30 ലക്ഷവും 2019-20 ൽ 48 ലക്ഷവും വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച് ഡെപ്പോസിറ്റ് പ്രവൃത്തിയായി നടത്തുവാനാണ് പ്രൊജക്ടിൽ ഉദ്ദേശിച്ചിരിക്കുന്നത്. അതിനായി 2018-19 ൽ ഈ പ്രൊജക്ടിൽ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 30 ലക്ഷം രൂപ വകയിരുത്തുകയും എസ്ററിമേറ്റിന്റെ അടിസ്ഥാനത്തിൽ 2654093 രൂപ വാട്ടർ അതോറിറ്റിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. 11.7.18 ന് സെക്രട്ടറിയും വാട്ടർ അതോറിറ്റി പിഎച്ച് ഡിവിഷൻ തൃശ്ശൂർ എക്സിക്യൂട്ടീവ് എഞ്ചിനീയറും തമ്മിൽ കരാറിലേർപ്പെട്ടിട്ടുണ്ട്. സ.ഉ.(കൈ)നം.11/2018/തസ്വഭവ തിയതി 29.1.2018 ലെ ഖണ്ഡിക 11.2(ഡി) പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് തുക മുൻകൂർ നിൽകുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകിയശേഷം തദ്ദേശഭരണസ്ഥാപനത്തിന് നൽകണമെന്നാണ് പറയുന്നത്. എന്നാൽ മേൽ പ്രൊജക്ടിൽ വാട്ടർ അതോറിറ്റി നൽകിയ എസ്റ്റിമേറ്റിൽ ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ സാങ്കേതികാനുമതി ലഭിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട സമയം കഴിഞ്ഞിട്ടില്ല. 2019-20 ലാണ് ബാക്കി സംഖ്യ നൽകേണ്ടത്. ബാക്കി തുക നൽകുന്നതിന് മുമ്പ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

പ്രവൃത്തി പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം,ഫൈനൽ ബില്ലിന്റെ പകർപ്പ്, പെർഫോമൻസ് റിപ്പോർട്ട് എന്നിവ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 20/25.11.2019 - മറുപടി ലഭ്യമാക്കിയില്ല)

# 1-27 പഞ്ചായത്ത് ഓഫീസ് നവീകരണം-ആർട്ട്കോ എന്ന സ്ഥാപനത്തെ ഏൽപ്പിച്ചതിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

175/19, പഞ്ചായത്ത് ഓഫീസ് നവീകരണം

വൗ.നം. 41800357/30.3.19; ₹610770

അടാട്ട് പഞ്ചായത്തിന്റെ ഓഫീസിലെ ഇരിപ്പിടസൗകര്യങ്ങളും റെക്കോഡുകൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യവും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടാണ് ഈ പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്. തനത് ഫണ്ടിൽ നിന്നും 15 ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയിരിക്കുന്നത്. പ്രസ്തുത പ്രവൃത്തി നേരിട്ട് നിർവ്വഹിക്കുന്നതായിട്ടാണ് പ്രൊജക്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ആർട്ട്കോ എന്ന ഏജൻസിയുമായി സെക്രട്ടറി 28.12.2018 ൽ കരാറിൽ ഒപ്പ് വച്ചിട്ടുണ്ട്. സ.ഉ.(സാധാ)2092/2018/തസ്വഭവ തിയതി 1.08.2018 പ്രകാരം ആർട്ട്കോ യിലെ ഉത്പ്പന്നങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ വാങ്ങുന്നതിന് അനുമതി നൽകുകയും തദ്ദേശഭരണസ്ഥാപനങ്ങളിലെ ഫർണീഷിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ആർട്ട്കോ യെ നോഡൽ ഏജൻസിയായി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. നികുതിയടക്കം 1500000 രൂപ വില വരുന്ന ഒരു പ്രഫോർമ ഇൻവോയ്സ് നം.GEN/ARTCO/MKT/224/6.10.18 ആർട്ട്കോ സമർപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ആർട്ട്കോ യുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. തൻവർഷം നടത്തിയ പ്രവൃത്തികളുടെ തുകയായി 610770 രൂപയുടെ ഇൻവോയ്സ് (നം.794/18.03.2019) ആർട്ട്കോ സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ റീടെൻഷൻ കുറവ് ചെയ്ത് ₹549693 ആർട്ട്കോ ക്ക് നൽകിയിട്ടുണ്ട്. ഈ പ്രൊജക്ട് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പ്രൊജക്ടിൽ നേരിട്ടുള്ള നിർവ്വഹണരീതി എന്നാണ് ചേർത്തിരിക്കുന്നത്. ആർട്ട്കോ യിൽ നിന്നും സാധനങ്ങൾ വാങ്ങി പഞ്ചായത്ത് നേരിട്ടാണോ പ്രവൃത്തികൾ നടത്തിയിരിക്കുന്നത് എന്ന് വ്യക്തമല്ല.

2. ആർട്ട്കോ നൽകിയ പ്രഫോർമ ഇൻവോയ്സ് പ്രകാരമുള്ള പ്രവൃത്തികൾക്ക് പ്രസ്തുത സ്ഥാപനത്തിൽ നിന്നോ മറ്റ് സാങ്കേതിക വിദഗ്ധരിൽനിന്നോ സാങ്കേതികാനുമതി ലഭിച്ചിട്ടില്ല.

3. പ്രവൃത്തിയുടെ മൂല്യ നിർണ്ണയം നടത്തിയതിന്റെ അളവ് പുസ്തകം ലഭ്യമായിട്ടില്ല.

4. പ്രൊജക്ടിന്റെ അടങ്കൽ 2800000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച പുതുക്കിയ എസ്റ്റിമേറ്റ് / പ്രഫോർമ ഇൻവോയ്സ് ലഭ്യമായില്ല. ഈ പ്രൊജക്ട് 2019-20 ൽ സ്പിൽ ഓവറായി (92/20) നടപ്പാക്കുകയും അടങ്കൽ 5389230 രൂപയായി വീണ്ടും വർദ്ധിപ്പിച്ചതായും 2019-20 ലെ ചെലവ് പത്രികയിൽ നിന്നും വ്യക്തമാകുന്നു. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ നിർവ്വഹണത്തിനനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കുന്നതാണോയെന്ന് വ്യക്തമല്ല.

5. അസിസ്റ്റന്റ് എഞ്ചിനീയറുടെ സ/2018-19/General/16 dt. 28.3.2019 ലെ കത്തിൽ ആർട്ട്കോ നടത്തിയ ജിപ്സം ബോർഡ് സീലിംഗ് പ്രവൃത്തിയുടെ വിസ്തീർണ്ണം 56.794 എം2 ആണെന്ന് പറയുന്നുണ്ട്. എന്നാൽ ആർട്ട്കോയുടെ ഇൻവോയ്സ് പ്രകാരമുള്ള 79 എം2 നും 1060/എം2 നിരക്കിൽ തുക കണക്കാക്കി നൽകിയിട്ടുണ്ട്.

5. ഫിനാൻസ് ആക്റ്റ് 2018 പ്രകാരം മരാമത്ത് പ്രവൃത്തികൾക്കും സേവനവുമായി ബന്ധപ്പെട്ട കരാറുകൾക്കും (ക്രമ നം 5(f) ) 1000 രൂപക്ക് 1 രൂപ എന്ന നിരക്കിൽ മൂല്യമുള്ള മുദ്രപത്രത്തിൽ കരാറിലേർപ്പെടേണ്ടതാണ്. ഇതനുസരിച്ച് 1600 രൂപയുടെ മുദ്രപത്രത്തിൽ കരാറിലേർപ്പെടേണ്ടതായിരുന്നു. എന്നാൽ 200 രൂപയുടെ മുദ്രപത്രത്തിലാണ് കരാറിലേർപ്പെട്ടിരിക്കുന്നത്.

മേൽ പരാമർശങ്ങൾ ഓഡിറ്റ് എൻക്വയറി നം. 20/25.11.2019പ്രകാരം സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച മറുപടി ലഭ്യമാക്കുന്നത് വരെ തൻവർഷം നടത്തിയ ₹610770 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-28 സമഗ്ര കുടിവെള്ളപദ്ധതി - വിശദാംശങ്ങൾ ലഭ്യമായില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി
പ്രൊജക്ട് നം/പേര് : 6/19,സമഗ്ര കുടിവെള്ള പദ്ധതി

അടങ്കൽ : 1600000 രൂപ ( ഗുണഭോക്തൃവിഹിതം)

ചെലവ് : ₹710097 (സുലേഖ ചെലവ് പത്രിക പ്രകാരം)

സമഗ്ര കുടിവെള്ള പദ്ധതി എന്ന ഈ പ്രൊജക്ടിൽ 1600000 രൂപ ഗുണഭോക്തൃവിഹിതം വകയിരുത്തിയിട്ടുണ്ട്. ചെലവ് പത്രിക പ്രകാരം 710097 രൂപ ചെലവുണ്ട്. എന്നാൽ 275341 രൂപയുടെ ബില്ലുകളുടെ പകർപ്പുകൾ മാത്രമാണ് ഫയലിലുള്ളത്. പമ്പ് ഓപ്പറേറ്റർമാരുടെ വേതനം,മോട്ടോർ റിപ്പയറിംഗിനും മറ്റും വന്ന ചെലവുകൾ എന്നിവയാണ് ഈ ബില്ലുകൾ പ്രകാരം ചെയ്തിരിക്കുന്നത്. ഹാജരാക്കിയ മറ്റൊരു ഫയലിൽ നിന്നും സമഗ്ര കുടിവെള്ളപദ്ധതിയിൽ ചേരുന്നതിന് അപേക്ഷിക്കുമ്പോൾ ഓരോ ഗുണഭോക്താവും 7000 രൂപ ഗുണഭോക്തൃവിഹിതമായും 560 രൂപ കേരള വാട്ടർ അതോറിറ്റിയിലേക്കുള്ള ഡെപ്പോസിറ്റ് തുകയായും 15 രൂപ വാട്ടർ അതോറിറ്റിയിലേക്കുള്ള അപേക്ഷ ഫീസായും നൽകേണ്ടതുണ്ടെന്ന് വ്യക്തമാകുന്നു. ഈ കുടിവെള്ള പദ്ധതിയുടെ ഉടമസ്ഥത, പരിപാലനം എന്നിവ സംബന്ധിച്ച വിശദാംശങ്ങളൊന്നും ഫയലിലില്ല.

ഈ സാഹചര്യത്തിൽ താഴെ പറയുന്ന പരാമർശങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

1. ഫയലിൽ നിന്നും ലഭ്യമായ വിവരം വെച്ച് കേരള വാട്ടർ അതോറിറ്റിയും അടാട്ട് പഞ്ചായത്തും സംയുക്തമായാണ് പദ്ധതി പരിപാലിച്ച് വരുന്നത്. രണ്ട് സ്ഥാപനങ്ങളുടേയും ചുമതലകളും ഉത്തരവാദിത്തങ്ങളും വ്യക്തമാക്കുന്ന ഒരു കരാർ നിലവിലുണ്ടോയെന്നത് ഉറപ്പ് വരുത്തേണ്ടതും ഇല്ലാത്തപക്ഷം കരാറിൽ ഏർപ്പെടേണ്ടതുമാണ്.

2. പുതിയ കണക്ഷനുവേണ്ടി ഓരോ വർഷവും അപേക്ഷിക്കുന്നവരിൽ നിന്നും പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം, വാട്ടർ അതോറിറ്റിയിലേക്ക് അടച്ച തുക, എന്നിവ സംബന്ധിച്ച രജിസ്റ്റർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

3. അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷികകണക്കിന്റെ ബി-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃവിഹിതമായി നീക്കിയിരിപ്പുള്ള തുക 1385503 രൂപയാണ്. ഈ തുകയിൽ മറ്റ് പ്രൊജക്ടുകൾക്കായി അടച്ച ഗുണഭോക്തൃവിഹിതം ഉൾപ്പെടുന്നുണ്ടോ എന്നത് വ്യക്തമല്ല. എന്നാൽ തൻ വർഷം 16 ലക്ഷം രൂപയാണ് ഗുണഭോക്തൃവിഹിതത്തിൽ നിന്നും പ്രൊജക്ടിൽ വകയിരുത്തിയിരിക്കുന്നത്. ഈയിനത്തിൽ സ്ഥിരമായി വലിയ ഒരു തുക നിലനിർത്തേണ്ട സാഹചര്യവും ഉണ്ട്. ആയതിനാൽ തനത് ഫണ്ടിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ഗുണഭോക്തൃവിഹിതം ഇനം തിരിച്ച് രേഖപ്പെടുത്തേണ്ടതാണ്.

4. രേഖകൾ ലഭ്യമാക്കുന്നത് വരെ 434756 രൂപയുടെ (₹710097 -- 275341)ചെലവ് തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം.19/23.11.2019, 20/25.11.2019 - മറുപടി ലഭ്യമാക്കിയില്ല)

# 1-29 ഗ്രാമപഞ്ചായത്തിന് പുതിയ വാഹനം വാങ്ങൽ- മുഴുവൻ രേഖകളും ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് നം/പേര് : 147/19,ഗ്രാമപഞ്ചായത്തിന് പുതിയ വാഹനം വാങ്ങൽ

അടങ്കൽ : ₹1000000(തനത് ഫണ്ട്)

ചെലവ് : ₹731377(സുലേഖ പത്രിക പ്രകാരം)

വൗച്ചർ നം.21800240/17.05.18 പ്രകാരം ചെലവഴിച്ച617284 രൂപയുടെ രേഖകളാണ് ഫയലിലുള്ളത്. GeM മുഖേന Bolero SLE Power plus 2WD എന്ന മോഡൽ വാഹനം വാങ്ങുന്നതിന് ഇൻവോയ്സ് പ്രകാരമുള്ള വില നൽകാനാണ് ഈ തുക ചെലവ് ചെയ്തിരിക്കുന്നത്. എന്നാൽ സുലേഖ പത്രിക പ്രകാരം 731377 രൂപയാണ് വാഹനത്തിനായി ചെലവഴിച്ചിട്ടുള്ളത്. 114093 രൂപയുടെ (731377-617284) ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നത് വരെ 114093 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്,ടാക്സ് അടച്ച രേഖകൾ,ഇൻഷ്വറൻസ് എന്നീ രേഖകളും ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.19/23.11.2019 - മറുപടി ലഭ്യമാക്കിയില്ല)

# 1-30 ചെലവിന്റെ കൃത്യത ഉറപ്പ് വരുത്താനാവശ്യമായ രേഖകൾ മുഴുവൻ ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

താഴെ പറയുന്ന പ്രൊജക്ടുകളിൽ സുലേഖ പത്രിക പ്രകാരമുള്ള ചെലവിന്റെ കൃത്യത ഉറപ്പാക്കാനാവശ്യമായ മുഴവൻ രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഹാജരാക്കാത്ത രേഖകളുടെ വിശദാംശങ്ങളും മറ്റ് അപാകതകളും ചുവടെ ചേർത്തിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ടിന്റെ നം/ പേര് | സുലേഖ പത്രിക പ്രകാരം ചെലവ് | അപാകതകൾ | തടസ്സപ്പെടുത്തിയ തുക₹ |
|---|---|---|---|---|
| 1. | 5/19, പദ്ധതി രൂപീകരണം, | 194312 | സുലേഖ ചെലവ് പത്രിക പ്രകാരം ആകെ ചെലവ് 194312 രൂപയാണ്. | 20424 |

| | | | | |
|---|---|---|---|---|
| | നിർവ്വഹണം, മോണിട്ട റിംഗ് | | എന്നാൽ ഫയലിൽ നിന്നും ലഭിച്ച ബില്ലുകൾ പ്രകാരം ചെലവ് 173888 രൂപയാണ്. 20424 രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ്. | |
| 2. | 163/19, കാലവർഷ ക്കെടുതി തുടർ പ്രവർ ത്തനങ്ങൾ | 100000 | 55114 രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഫയലിലുള്ളത്. ബാക്കി 44886 രൂപയുടെ (100000-55114) ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ്. | 44886 |
| 3. | 156/19, നിലവിലുള്ള തെരുവ് വിളക്കുകൾ അഴിച്ച് മാറ്റി എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കൽ | 403233 | KREWS എന്ന സ്ഥാപനത്തിൽ നിന്ന് 36 വാട്ട് എൽ.ഇ.ഡി. വിളക്കുകൾ 112 എണ്ണം വാങ്ങിയതിന്റെ വിലയായി 399615 രൂപ വൗ.നം.21802115/31.3.19 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ബാക്കിയുള്ള 3618 (403233-399615) രൂപയുടെ ചെലവ് രേഖകൾ ലഭ്യമായില്ല.<br>വാങ്ങിയ എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിച്ചതിന്റേയും നിലവിലുള്ള വിളക്കുകൾ അഴിച്ചുമാറ്റിയതിന്റെയും വിശദാംശങ്ങൾ, അഴിച്ച് മാറ്റിയ വിളക്കുകൾ ഏത് രീതിയിൽ ഒഴിവാക്കി എന്നതിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. | 3618 |
| 4. | 10/19, തെരുവ് വിളക്കുകൾ വാങ്ങലും റിപ്പയറും | 437243 | കരാർ അടിസ്ഥാനത്തിലുള്ള രണ്ട് ഇലക്ട്രീഷ്യൻ മാരുടെ ഏതാനും മാസത്തെ പ്രതിമാസ വേതനം,ഹൈമാസ്റ്റ് ,മിനിമാസ്റ്റ് വിളക്കുകളുടെ റിപ്പയറിംഗ് ചാർജ്ജ് എന്നിവയാണ് ഹാജരാക്കിയ ഫയലിലുള്ളത്. 193923 രൂപയുടെ ചെലവ് രേഖകളാണ് ഫയലിലുള്ളത്. ബാക്കിയുള്ള 243320 രൂപയുടെ(437243-193923) ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ്. | 243320 |

| | | | | |
|---|---|---|---|---|
| 5. | 7/2019, കുടുംബ ശ്രീ മുഖേന മാലിന്യം നീക്കൽ | 1693739 | അംഗീകാരം ലഭിച്ച പ്രൊജക്റ്റ് ഫയലിൽ ഇല്ല. പൊതുവിഭാഗം വികസനഫണ്ട്, ധനകാര്യകമ്മീഷൻ ഗ്രാന്റ്,തനത് ഫണ്ട് എന്നിവ ഉൾപ്പെടെ 1800000 രൂപ വകയിരുത്തിയതായും 1693739 രൂപ ചെലവഴിച്ചതായും ചെലവ് പത്രികയിൽ കാണുന്നു. മാലിന്യസംസ്കരണപ്ലാന്റിലെ തൊഴിലാളികളുടെ വേതനം നൽകുന്നതിനും വളം ശേഖരിക്കുന്നതിന് ഫിഷ് ക്രേറ്റ് വാങ്ങുന്നതിനുമാണ് ചെലവുകൾ നടത്തിയിരിക്കുന്നത്. എന്നാൽ ഫയലിൽ നിന്നും ലഭ്യമായ ബില്ലുകളനുസരിച്ച് 1525208 രൂപയുടെ ചെലവുകളാണുള്ളത്.<br><br>ബാക്കിയുള്ള 168531 രൂപയുടെ(1693739-1525208)ചെലവ് രേഖകൾ, ബില്ലുകൾ എന്നിവ ഫയലില്ലില്ല. മേൽ രേഖകൾ ലഭ്യമാക്കേണ്ടതാണ്.<br><br>മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് കുടുംബശ്രീയുമായി ഏർപ്പെട്ട കരാർ ഫയലില്ല. ആയതും ലഭ്യമാക്കേണ്ടതാണ്. | 168531 |
| 6. | 2/19, ഐ.കെ.എം. വിഹിതം നൽകൽ | 82725 | ട്രഷറി ബിൽ നം.10/31.08.18 പ്രകാരം ഐ.കെ.എം. വിഹിതം നൽകുന്നതിനായി 82725 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തുക ഉപയോഗിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | ------ |
| 7. | 8/19, എ.ബി.സി.പ്രോഗ്രാം | 50000 | വൗച്ചർ നം. പ്രകാരം 50000 രൂപ എ.ബി.സി. പ്രോഗ്രാമിനായി ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ തുക ഉപയോഗിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | ------ |

| | | | | |
|---|---|---|---|---|
| | | | ആകെ തടസ്സപ്പെടുത്തിയ തുക | 480779 |

മുകളിൽ പരാമർശിച്ച പ്രകാരമുള്ള രേഖകൾ ഹാജരാക്കുന്നത് വരെ അതുമായി ബന്ധപ്പെട്ട 480779 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-31 ഇ-ടെണ്ടർ ഫീ ലഭ്യമായില്ല

പഞ്ചായത്ത് പ്രവൃത്തികളുടെ ഇ ടെണ്ടർ നടത്തുമ്പോൾ കരാറുകാർ അടക്കുന്ന ടെണ്ടർ ഫീസ് 2016-17,2017-18 കാലയളവിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ടിരുന്നത്. പിന്നീട് ടെണ്ടർ ഫീസ് പഞ്ചായത്ത് തലത്തിൽ അടവാക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിക്കുകയും 2018-19 ൽ അതിൽ നിക്ഷേപിക്കപ്പെട്ട ടെണ്ടർ ഫീ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2016-17, 2017-18 കാലയളവിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ടിരുന്ന ഫീ ഇതേവരെ പഞ്ചായത്തിന് ലഭ്യമായിട്ടില്ല. ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ പഞ്ചായത്ത് തയ്യാറാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭിക്കേണ്ട തുക (ജി.എസ്.ടി. അടക്കം) |
|---|---|---|
| 1. | 2016-17 | 17535 |
| 2. | 2018-19 | 11900 |
| | ആകെ | 29435 |

പഞ്ചായത്തിന്റെ തനത് വരുമാനമായ ടെണ്ടർ ഫീസ് തിരികെ ലഭിക്കാൻ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-32 ദീർഘവീക്ഷണമില്ലാത്ത പ്രൊജക്ട് രൂപീകരണവും നിർവ്വഹണവും-പഞ്ചായത്തിന് സാമ്പത്തികനഷ്ടം

പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ 2018-19 മുതലുള്ള വാർഷികപദ്ധതികൾക്കുള്ള മാർഗ്ഗരേഖയായ 29.01.2018 ലെ സ.ഉ.(കൈ) നം.11/2018/തസ്വഭവ,യിലെ ഖണ്ഡിക 3.5.1(9) പ്രകാരം കെട്ടിടനിർമ്മാണ പ്രൊജക്ടുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണം,അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ,പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രൊജക്ടായിവേണം നടപ്പാക്കേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 2017-18 വാർഷികപദ്ധതിക്ക് ബാധകമായ ജി.ഒ.(എം.എസ്)നം.72/2017/തസ്വഭവ തിയതി 29.03.2017 ലെ ഖണ്ഡിക 6.6(4) ലും ഇക്കാര്യം നിഷ്കർഷിക്കുന്നുണ്ട്. ഭൗതികവും സാമ്പത്തികവുമായ പൂർത്തീകരണത്തിന് ഒരു വർഷത്തിലധികം സമയം ആവശ്യമായി വരുന്നതായ പ്രൊജക്ടുകളെ ബഹുവർഷപ്രൊജക്ടായി നിർവഹിക്കാവുന്നതാണെന്ന് മേൽ പറഞ്ഞ മാർഗ്ഗരേഖകളുടെ ഖണ്ഡിക യഥാക്രമം 3.5.2, 6.7 എന്നിവയിൽ പറയുന്നു. എന്നാൽ മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പഞ്ചായത്ത് ഓഫീസിന്റെ നവീകരണപ്രവൃത്തികൾ ഒരേ സമയം വിവിധ പ്രൊജക്ടുകളായി വിഭജിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | വർഷം | പ്രൊജക്ട് നം/പേര് | അടങ്കൽ | ഫണ്ട് | ചെലവഴിച്ച തുക₹ |
|---|---|---|---|---|---|
| പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ നവീകരണ പ്രവൃത്തികൾ | 2018-19 | നിർവ്വഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ | | | |
| | | 166/18,134/19(സ്പിൽ ഓവർ), പഞ്ചായത്ത് ഓഫീസ് നവീകരണം | 270759 | റോഡിതര സംരക്ഷണ ഗ്രാന്റ് | ട്രഷറി ബിൽ നം. 36/15.01.19 ; 259908 |
| | | 179/19, പഞ്ചായത്ത് ഓഫീസ് പെയ് | 200000 | തനത് ഫണ്ട് | വൗ.നം. 218002086/28.03.19; |

| | | | | | |
|---|---|---|---|---|---|
| | | ന്റിംഗ് | | | ₹145256 |
| | | 192/19, പഞ്ചായത്ത് ഓഫീസിൽ അധിക സൗകര്യങ്ങൾ ഒരുക്കൽ(പാർട്ട് ബിൽ) | 266000 | തനത് ഫണ്ട് | വൗ.നം. 218002087/28.03.19; 167068 |
| | | നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി | | | |
| | | 175/19,പഞ്ചായത്ത് ഓഫീസ് നവീകരണം (പാർട്ട് ബിൽ) | 2800000 | തനത് ഫണ്ട് | വൗ.നം. 41800357/30.3.19; 610770 |
| | ആകെ | | | | 1183002 |

പഞ്ചായത്ത് ഓഫീസ് നവീകരണത്തിനായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 3 പ്രൊജക്ടുകളും (ഒരെണ്ണം സ്പിൽ ഓവർ) സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഒരു പ്രൊജക്ടും തൻവർഷം നടപ്പാക്കിയിട്ടുണ്ട്. പഞ്ചായത്ത് ഓഫീസ് നവീകരണം (നം.166/18) എന്ന പ്രൊജക്ട് 2017-18 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണഉദ്യോഗസ്ഥനായി രൂപീകരിക്കുകയും 2018-19 ൽ സ്പിൽ ഓവർ ആയി (നം.134/19) അന്തിമ ചെലവ് നടത്തുകയും ചെയ്തു. 2018-19 ൽ പഞ്ചായത്ത് ഓഫീസ് പെയിന്റിംഗ്(നം.179/19), അധികസൗകര്യങ്ങൾ ഒരുക്കൽ (നം.192/19) എന്നിവക്കായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണഉദ്യോഗസ്ഥനായി രണ്ട് പ്രൊജക്ടുകളും പഞ്ചായത്ത് ഓഫീസ് നവീകരണം എന്ന പേരിൽ സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി മറ്റൊരു പ്രൊജക്ടും (നം.175/19)നടപ്പാക്കിയിട്ടുണ്ട്. പഞ്ചായത്ത് ഓഫീസ് നവീകരണത്തിനായി ഇപ്രകാരം തൻവർഷം ₹1183002 ചെലവഴിച്ചിട്ടുണ്ട്.

സെക്രട്ടറി തൻവർഷം നിർവ്വഹിച്ച പഞ്ചായത്ത് ഓഫീസ് നവീകരണം എന്ന പ്രൊജക്ടിന് (നം.175/19) 1500000 രൂപയായിരുന്ന അടങ്കൽ തീരുമാനിച്ചിരുന്നത്. പിന്നീട് അടങ്കൽ 2800000 രൂപയായി ഉയർത്തിയിട്ടുണ്ട്. ഈ പ്രൊജക്ട് 2019-20 ൽ സ്പിൽ ഓവറായി (92/20) നടപ്പാക്കുകയും അടങ്കൽ 5389230 രൂപയായി വീണ്ടും വർദ്ധിപ്പിച്ചതായും 2019-20 ലെ ചെലവ് പത്രികയിൽ നിന്നും വ്യക്തമാകുന്നു. ഓഡിറ്റ് തിയതി വരെ 5077074 രൂപ ചെലവഴിച്ചിട്ടുണ്ട്.

പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ നവീകരണം സംബന്ധിച്ച് സമഗ്രമായ കാഴ്ചപ്പാടില്ലാതെ ഓരോ വർഷവും വിവിധ പ്രൊജക്ടുകൾ തയ്യാറാക്കി നടപ്പാക്കുകയാണ് ചെയ്തിരിക്കുന്നത്. കെട്ടിട നവീകരണത്തിൽ ആവശ്യമായ ഘടകങ്ങൾ കൃത്യമായി നിർണ്ണയിക്കപ്പെട്ടിട്ടില്ല. നവീകരണപ്രവൃത്തിയിൽ ഉൾക്കൊള്ളിക്കേണ്ട ഇനങ്ങൾ കൃത്യമായി നിർണ്ണയിക്കുകയും അവയെല്ലാം ചേർത്ത് സമഗ്രമായ ഒരു പ്രൊജക്ട് തയ്യാറാക്കി നടപ്പാക്കുന്നതിന് പകരം വിവിധ പ്രൊജക്ടുകളും വിവിധ നിർവ്വഹണഉദ്യോഗസ്ഥരുടെ കീഴിലും നടപ്പാക്കിയത് മൂലം താഴെ പറയുന്ന ചെലവ് പാഴായി പോയി.

പഞ്ചായത്ത് ഓഫീസ് പെയിന്റിംഗ് എന്ന പ്രൊജക്ട് (നം.179/19) പ്രകാരം പഞ്ചായത്ത് ഓഫീസ് മുഴുവൻ പുതിയതായി പെയിന്റിംഗ് നടത്തിയിരുന്നു. 2.3.19 നാണ് ഈ പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത്. കൂടാതെ 24.12.2018ന് പൂർത്തീകരിച്ച പഞ്ചായത്ത് ഓഫീസ് നവീകരണം (നം.134/19) എന്ന പ്രൊജക്ടിൽ ഫ്രണ്ട് ഓഫീസ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ഫാൾസ് സീലിംഗ് നടത്തുകയും ചെയ്തിരുന്നു. എന്നാൽ അതിന് ശേഷം സെക്രട്ടറിയുടെ പ്രൊജക്ട് (നം.175/19) അനുസരിച്ച് ഭിത്തികൾ പാനലിംഗ് ചെയ്യുകയും ഫ്രണ്ട് ഓഫീസിൽ നടത്തിയ പ്രവൃത്തികളും സീലിംഗ് പ്രവൃത്തികളും പൊളിച്ച് മാറ്റുകയും പുതിയതായി നിർമ്മിക്കുകയും ചെയ്തു. പ്രവൃത്തി നിർവ്വഹിച്ച ഒരു വർഷം തികയുന്നതിന് മുമ്പാണ് ഇപ്രകാരം ചെയ്തിരിക്കുന്നത്. തന്മൂലം ഇവക്ക് വേണ്ടി ചെലവഴിച്ച തുക പാഴായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നം /പേര് | ഈ പ്രൊജക്ടിൽ നിർവ്വഹിച്ചിട്ടുള്ളതും പുതിയ പ്രൊജക്ടിൽ പൊളിച്ച് മാറ്റുകയോ പാനൽ ചെയ്തത് മൂലം മറക്കപ്പെടുകയോ ചെയ്ത ഇനങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ | അളവ് /നിരക്ക് | ചെലവഴിച്ചിരുന്ന തുക |
|---|---|---|---|
| 179/19, പഞ്ചായത്ത് ഓഫീസ് പെയ്ന്റിംഗ് | 2) 14.43.Removing white or colour wash by scrapping... etc. | 303 $m^2$@11.46 | 3472.38 |

| | | | |
|---|---|---|---|
| വൗ.നം. 218002086/28.03.19; ₹145256<br>അളവ് പുസ്തകം 88/19<br>അവസാനം അളവെടുത്ത തിയതി 2.3.2019 | meeting hall+presidents room+verandha(124+43+136) | | |
| | 3) 14.43 wall painting with plastic emulsion paint of approved brand..etc<br>meeting hall+presidents room+verandha(124+43+136) | 303m$^2$ @ 75.83 | 22976.49 |
| 166/18,134/19, പഞ്ചായത്ത് ഓഫീസ് നവീകരണം<br>ട.ബി.നം. 36/15.01.19; 259908<br>അളവ് പുസ്തകം 52/16-17<br>അവസാനം അളവെടുത്ത തിയതി 24.12.2018 | E1) 12.35 Providing thermal insulator with resin...etc for ceiling<br>Hall 114.03m$^2$ | 114.03m$^2$@348.01 | 39683.58 |
| | 5) Providing and fixing 6 mm dia GI level adjusting hangers...etc 185 nos. | 185@75.76 | 14015.6 |
| | 6) 21.5 Providing fixing powder coated auminium works...etc hall 10.70 kg | 10.70@657.22 | 7032.25 |
| | E2) 21.5 modified Providing and fixing aluminium work...etc hall 35.9 kg | 35.9@550.06 | 19747.15 |
| | E3) 50.12.4.2modified Providing false ceiling with 9 mm thick...hall 114.03 m3 | 114.03@787.99 | 89854.5 |
| | 9)21.1.1.2 Providing and fixing aluminium work for doors...etc 8.61 kg front office | 8.61@527.73 | 4543.75 |
| | E5) 21.17modified Providing and fixing departmental anodised aluminium grill etc.. front office 3.57+2.25+1.28 kg | 8.03@79.85 | 641.2 |
| | E8) 21.2.2 Providing and fixing 12 mm thick prelaminated particle board....etc | 1.76m2@1189.41 | 2093.36 |
| ആകെ | | | 204060.26 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17/22.11.2019 ന് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് ഓഫീസ് നവീകരണം (166/18,134/19(സ്പിൽ ഓവർ)) എന്ന പ്രൊജക്ടിൽ പഞ്ചായത്ത് ഓഫീസ് ഹാളിലെ പൊളിഞ്ഞ സീലിംഗ്, ഫ്രണ്ട് ഓഫീസ് സംവിധാനത്തിലെ പോരായ്മകൾ എന്നിവ പരിഹരിക്കുന്നതിനുള്ള ഇനങ്ങളാണ് ഉൾപ്പെടുത്തിയിരുന്നതെന്നും ഇതനുസരിച്ച് പിവിസി ഷീറ്റിന്റെ സീലിംഗും സീലിംഗിന് മുകളിൽ ചൂട് കുറക്കുന്നതിനുള്ള ഗ്ലാസ്സ് വൂൾ ഷീറ്റ് , റൂഫിന് മുകളിൽ വിൻഡ്ധിലേറ്റർ എന്നിവ സ്ഥാപിച്ചിരുന്നതായും ഫ്രണ്ട് ഓഫീസ് അലുമിനിയം ഗ്രിൽ വർക്ക് ചെയ്തിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്.

ഐ.എസ്.ഒ. സർട്ടിഫിക്കേഷന്റെ ഭാഗമായി 14.4.18 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ 1(1)/14.08.18 പ്രകാരം അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് ഓഫീസ് പെയിന്റിംഗ്(179/19)എന്ന പ്രൊജക്ട്

നിർവ്വഹിച്ചതെന്നും മറുപടിയിൽ പറയുന്നു.

ഐ.എസ്.ഒ. സർട്ടിഫിക്കേഷന്റെ ഭാഗമായി സെക്രട്ടറി നിർവ്വഹണം നടത്തിയ പഞ്ചായത്ത് ഓഫീസ് നവീകരണം എന്ന പ്രൊജക്ടിന്റെ (നം.175/19) ഭാഗമായിട്ടാണ് പെയിന്റിംഗ് ചെയ്ത ഭാഗങ്ങളിൽ പാനലിംഗ് ചെയ്തതും ഹാളിലെ ഫാൾസ് സീലിംഗ് മാറ്റിയിട്ടുള്ളതും ഫ്രണ്ട് ഓഫീസിലെ അലുമിനിയം ഗ്രിൽ പൊളിച്ച് മാറ്റിയിട്ടുള്ളതെന്നും മറുപടിയിൽ പറയുന്നു. ഈ വിവരം എ.ഇ/06/ജനറൽ/2019-20/05/തിയതി 29.5.19 പ്രകാരം സെക്രട്ടറിയെ ബോദ്ധ്യപ്പെടുത്തിയതായും മറുപടിയിൽ പറയുന്നു.

ദീർഘവീക്ഷണമില്ലാത്ത പ്രൊജക്ട് രൂപീകരണവും നിർവ്വഹണവും മൂലം 204060/- രൂപ പ്രത്യക്ഷത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇത് സംബന്ധിച്ച ഭരണസമിതിയുടെ അഭിപ്രായം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ആദായ നികുതി പഞ്ചായത്ത് അടച്ചതുമൂലവും അധിക നിരക്കിൽ കൺസൾട്ടൻസി ചാർജ്ജ് നൽകിയത് മൂലവും പഞ്ചായത്തിന് നഷ്ടം

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് നം/പേര് : 150/19, പുഴക്കൽ അയേൺ റിമൂവൽ പ്ലാന്റ് സ്ഥാപിക്കൽ (ബാക്കി തുക നൽകുന്നതിന്)

അടങ്കൽ : 235000 (തനത് ഫണ്ട്)

: 265000 (ഗുണഭോക്തൃവിഹിതം)

ചെലവ് : വൗ.നം. 218002082/28.03.19; ₹235000 (നിർമ്മിതി കേന്ദ്രം)

: വൗ.നം.218002081/28.03.19;₹77607 (നിർമ്മിതി കേന്ദ്രം)

: വൗ.നം.218002083/28.03.19;₹23453(കെട്ടിട തൊഴിലാളി ക്ഷേമനിധി വിഹിതം)

: വൗ.നം.218002084/28.03.19;₹23453(ആദായനികുതി)

: വൗ.നം.218002085/28.03.19;₹70360(വാറ്റ്)

₹429873

2011-12 ൽ 2650000 രൂപ അടങ്കൽ നിശ്ചയിച്ച് ആരംഭിച്ച പ്രൊജക്ടാണിത്. പുഴക്കൽ അയേൺ റിമൂവൽ പ്ലാന്റ് സ്ഥാപിക്കുന്നതിന് തൃശ്ശൂർ നിർമ്മിതി കേന്ദ്രവുമായി 27.6.2011 ൽ 200/2011-12 എന്ന നമ്പറിലുള്ള കരാറിലേർപ്പെട്ടിട്ടുണ്ട്. 29.11.2018 ൽ നിർമ്മിതി കേന്ദ്രം പ്രൊജക്ട് മാനേജറുടെ NKT/PPGF/350/11 എന്ന നമ്പറിലുള്ള കത്തിൽ മേൽ പ്രവൃത്തിയുടെ അന്തിമബിൽ 7.7.2012 ൽ സമർപ്പിച്ചിട്ടുള്ളതാണെന്നും ബിൽ തുക 2650000 രൂപയാണെന്നും ഇതുവരെ നൽകിയ 2150000 രൂപ യാണെന്നും ആദായനികുതി കുറവ് ചെയ്ത് ബാക്കി തുക നൽകണമെന്നും അറിയിച്ചിട്ടുണ്ട്. തുടർന്ന് തൻവർഷം സ്ഥാപനത്തിന് നൽകാനുള്ള തുക, വാറ്റ്,കെട്ടിട തൊഴിലാളി ക്ഷേമനിധി വിഹിതം, ആദായ നികുതി എന്നീ ഇനങ്ങളിലായി 429873 രൂപ മേൽ പ്രൊജക്ട് പ്രകാരം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സ.ഉ.(എം.എസ്.)133/2007/എൽ.എ.ഡി./18.05.2007 പ്രകാരം സ്ഥാപനത്തിന് കൺസൾട്ടൻസി ഫീസ് ഇനത്തിൽ അർഹതപ്പെട്ടത് 2.5% ആകുന്നു. എന്നാൽ ഇതിന് പകരം 5% നൽകിയിട്ടുണ്ട്.

2. സ്ഥാപനത്തിന് നൽകാനുള്ള തുകയിൽ നിന്നാണ് 1% ആദായ നികുതി കുറവ് ചെയ്യേണ്ടത്. അതിന് പകരം പഞ്ചായത്ത് തന്നെ ആദായനികുതി അടവാക്കിയതിനാൽ 23453 രൂപ അധികം ചെലവഴിച്ചിട്ടുണ്ട്.

മേൽ പറഞ്ഞ അപാകതകൾ മൂലം പഞ്ചായത്തിന് വന്ന നഷ്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നൽകേണ്ട തുക കണക്കാക്കിയ രീതി | | കണക്കാക്കേണ്ട രീതി | |
|---|---|---|---|
| ആകെ പ്രവൃത്തി മൂല്യം ക്ലിപ്തപ്പെടുത്തിയത്(അളവ് പുസ്തക പ്രകാരം) | 2345340 | ആകെ പ്രവൃത്തി മൂല്യം ക്ലിപ്തപ്പെടുത്തിയത്(അളവ് പുസ്തക പ്രകാരം) | 2345340 |
| (+)കൺസൾട്ടൻസി ചാർജ്ജ് | 117267 (5 % നിരക്കിൽ) | (+)കൺസൾട്ടൻസി ചാർജ്ജ് (സേവന നികുതി അടക്കം) | 67546(2.88 % നിരക്കിൽ) |
| (+)വാറ്റ് 3% | 70360 | (+)വാറ്റ് 3% | 70360 |
| (+)കെട്ടിട തൊഴിലാളി ക്ഷേമനിധി വീഹിതം 1% | 23453 | (+)കെട്ടിട തൊഴിലാളി ക്ഷേമനിധി വീഹിതം 1% | 23453 |
| (+) ആദായനികുതി | 23453 | | |
| ആകെ പിൻവലിച്ച തുക | 2579873 | ആകെ പിൻവലിക്കേണ്ട തുക | 2506699 |
| ഇതു വരെ നൽകിയ തുക | 2150000 | ഇതു വരെ നൽകിയ തുക | 2150000 |
| ബാക്കി പിൻവലിച്ച തുക | 429873 | ബാക്കി പിൻവലിക്കേണ്ട തുക | 356699 |
| അധികം ചെലവഴിച്ച തുക | 73174 രൂപ (429873--356699) | | |

അധികം ചെലവഴിച്ച 73174 രൂപയിൽ 49721 രൂപ(117267--67546) കൺസൾട്ടൻസി ചാർജ്ജ് ഇനത്തിൽ നിർമ്മിതി കേന്ദ്രത്തിന് അധികം നൽകിയതും 23453 രൂപ ആദായനികുതി നിർമ്മിതിയിൽ നിന്നും ഈടാക്കാതെ പഞ്ചായത്ത് നേരിട്ട് അടച്ചതുമാണ്.

നിർമ്മിതി കേന്ദ്രവുമായി ഏർപ്പെട്ട കരാറിൽ ഫിനാൻസ് വകുപ്പിന്റെ ഉത്തരവ് (ജി.ഒ.(പി)നം.408/2007/ഫിൻ/07.09.2007) രേഖപ്പെടുത്തിക്കൊണ്ട് 8% കൺസൾട്ടൻസി വ്യവസ്ഥ ചെയ്തിട്ടുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ മുമ്പാകെ തൃശ്ശൂർ ജില്ലാ നിർമ്മിതി കേന്ദ്രം എക്സിക്യൂട്ടീവ് സെക്രട്ടറി& പ്രൊജക്ട് മാനേജർ അടാട്ട് പഞ്ചായത്ത്,തൃശ്ശൂർ ജില്ലാ പഞ്ചായത്ത് എന്നിവക്കെതിരെ നൽകിയ ഒ.പി.നം.1273/2013 ൽ 12.11.2013 ൽ പുറപ്പെടുവിച്ച വിധിയിൽ കരാർ പ്രകാരമുള്ള കൺസൾട്ടൻസി ചാർജ്ജ് നൽകുവാൻ ഉത്തരവായിട്ടുണ്ട്. തദ്ദേശഭരണവകുപ്പിന്റെ സ.ഉ.(എം.എസ്.)133/2007/ എൽ.എ.ഡി./18.05.2007 എന്ന ഉത്തരവിലെ വ്യവസ്ഥകളാണ് കൺസൾട്ടൻസി ചാർജ്ജ് ഒഴികെയുള്ള കാര്യങ്ങളിൽ കരാറിൽ സ്വീകരിച്ചിരിക്കുന്നത്. പ്രസ്തുത ഉത്തരവിലെ കൺസൾട്ടൻസി ചാർജ്ജ് ആയ 2.5 % ന പകരം ഉയർന്ന നിരക്ക് നൽകുന്ന രീതിയിൽ കരാറിൽ ഏർപ്പെട്ട അന്നത്തെ ഉദ്യോഗസ്ഥനിൽ നിന്നും തന്മൂലമുണ്ടായ അധികചെലവ് (₹49721 ) ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആദായനികുതി ഇനത്തിൽ തൻവർഷം അധികം ചെലവഴിച്ച 23453 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഹാജരാക്കിയ ഫയലിൽ മുൻവർഷങ്ങളിൽ നൽകിയ തുക സംബന്ധിച്ച് ബിൽ പകർപ്പോ മറ്റ് എന്തെങ്കിലും രേഖകളോ ഇല്ല. . സ്ഥാപനം നൽകിയ അന്തിമബില്ലും ഫയലില്ല. അളവ് പുസ്തകത്തിന്റെ പകർപ്പ് മാത്രമാണ് ലഭ്യമായിട്ടുള്ളത്.

ഫയലുകൾ കൃത്യമായി സൂക്ഷിക്കുന്നതിനായി സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.19/23.11.2019-മറുപടി ലഭ്യമാക്കിയില്ല)

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 150000 | ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർക്ക് സബ്സിഡി | 150000 | 0 |
| | | 470625 | സാന്ത്വനം- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 226100 (Balance 244525/- refunded- V.No.21801776 | 0 |
| | | 309107 | ലൈഫ് ജനറൽ | 309107 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 150000 | ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർക്ക് സബ്സിഡി | 150000 | 0 |
| | | 100000 | സാന്ത്വനം- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 99600 (400/- തിരിച്ചടച്ച V.No. 21801403) | 0 |
| | | 786880 | ലൈഫ് ജനറൽ | 150000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിന്റെയും തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെല വഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| എസ്.എസ്.എ. | എസ്.എസ്.എ. വിഹിതം | Vr.2180769, 21800622, 21802045 | 724840 | 724840 | | 0 |
| ഐ.കെ.എം. | ഐ.കെ.എം.വിഹിതം | Vr.21800768 | 82725 | 82725 | | 0 |
| കെ.ഡബ്ല്യൂ.എ. | പുഴക്കൽ പമ്പ് ഹൗസിൽ നിന്ന് ചാക്യാംപറമ്പ് ഒ എച്ച് ടാങ്കിലേക്ക് പൈപ്പ് ലൈൻ നീക്കൽ | Vr.21802046, 21802067 | 2654093 | | ഇല്ല | 2654903 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 110/18 തീ.13.08.18 | 1438975 | 0 | 0 | 0 | 1438975 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 600 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 600 |
| തന്നാണ്ടിൽ നിക്ഷേപിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 600 |

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായത് താഴെ കൊടുക്കുന്നു.

| ക്രമ നം. | ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ (ലഭ്യമാക്കിയ മറുപടി) |
|---|---|---|---|---|---|---|
| 1 | 2014-15 | 2(1)-1 | 2016-17 | 2-1 | അദ്ധ്യാപകരുടെ തൊഴിൽ നികുതി നിയമന അംഗീകാരം ലഭിക്കാത്തതിനാൽ ഈടാക്കിയിട്ടില്ല | തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. |
| 2 | 2014-15 | 2(1)-2 | 2016-17 | 2-1 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | ബി.എസ്.എൻ.എൽ.ന് എതിരെ RR നടപടികൾ സ്വീകരിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | വാട്ടർ അതോറിറ്റിയുടെ ഓഫീസ് പഞ്ചായത്തിൽ ഇല്ല. പമ്പ് ഹൗസ് മാത്രമാണ് ഉള്ളത്. മറ്റു സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. |
| 3 | 2014-15 | 2(1)-3 | 2016-17 | 2-1 | ക്വാളിറ്റി കണ്ടെയ്നേഴ്സ് എന്ന സ്ഥാപനം രണ്ടാം അർദ്ധ വർഷം ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും അടവാക്കിയിട്ടില്ല. | നികുതി അടവാക്കിയിട്ടുണ്ട്. |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 67903073 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59739193 |
| വരവിനങ്ങളിലുള്ള നഷ്ടം | ----- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 23453 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1837996 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 3-1 | | 23453 | മാറ്റ്ലി.എം.സി.,അസിസ്റ്റന്റ് സെക്രട്ടറി(അധികചുമതല) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 192800 | മാറ്റ്ലി.എം.സി.,അസിസ്റ്റന്റ് സെക്രട്ടറി |
| 1-25 | 4798 | മാറ്റ്ലി.എം.സി., അസിസ്റ്റന്റ് സെക്രട്ടറി |

| | | |
|---|---|---|
| | | (അധികചുമതല) |
| 1-27 | 610770 | മാറ്റ്ലി.എം.സി., അസിസ്റ്റന്റ് സെക്രട്ടറി (അധിക ചുമതല) |
| 1-28 | 434756 | 1) പങ്കജം.എ).എം., സെക്രട്ടറി<br>2) മാറ്റ്ലി.എം.സി.,<br>അസിസ്റ്റന്റ് സെക്രട്ടറി (അധിക ചുമതല)<br>3)തുളസീധരൻ ജി, സെക്രട്ടറി |
| 1-29 | 114093 | പങ്കജം.എ.എം., സെക്രട്ടറി |
| 1-30 | 480779 | 1) പങ്കജം.എ).എം., സെക്രട്ടറി<br>2) മാറ്റ്ലി.എം.സി.,<br>അസിസ്റ്റന്റ് സെക്രട്ടറി (അധിക ചുമതല)<br>3)തുളസീധരൻ ജി, സെക്രട്ടറി |
| | 1837996 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മാറ്റ്ലി.എം.സി.,അസിസ്റ്റന്റ് സെക്രട്ടറി(അധികചുമതല) | അസിസ്റ്റന്റ് സെക്രട്ടറി,അടാട്ട് ഗ്രാമപഞ്ചായത്ത് | ചെറുവത്തൂർ വീട്,പറവട്ടാനി,തൃശ്ശൂർ |
| പങ്കജം.എ.എം., സെക്രട്ടറി | വിരമിച്ചു | ശ്രീവരം, പി.ഒ.കണിമംഗലം, തൃശ്ശൂർ |

# 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1983-84 | എൽ.എഫ്.ടി.എസ്.2- 781/11 തീ.18.10.11/ 06.01.12 |
| 1984-85 | |
| 1985-86 | |
| 1986-87, 1987-88 | |
| | |

| | |
|---|---|
| 1990-91 | |
| 1991-92 | |
| 1992-93, 1993-94 | എൽ.എഫ്.ടി.എസ്.2-781/11<br>തീ.18/10/11/6.1.12 |
| 1994-95, 1995-96 | എൽ.എഫ്.ടി.എസ്.2- 781/11<br>തീ.18.10.11/ 6.1.12 |
| 1996-97&1997-98 | എൽ.എഫ്.ടി.21/1911/<br>2000/18.05.2000 |
| 1998-99, 1999-2000, 2000-01 | എൽ.എഫ്.ടി.12/932/ 02/11.01.13 |
| 2001-02 | എൽ.എഫ്.ടി.12- 1583/03/<br>26.02.02(പ്ലാൻ) |
| 2002-03 | എൽ.എഫ്.ടി.12-944/06/ 30.03.06 |
| 2003-04 | എൽ.എഫ്.ടി.12-156/06/ 14.08.06 |
| 2004-05 | എൽ.എഫ്.ടി.12-2853/06/ 05.12.07 |
| 2005-06 | എൽ.എഫ്.ടി.12-2000/08/<br>08.03.10/16.4.10 |
| 2006-07 | എൽ.എഫ്.ടി.12-791/10/ 28.01.11 |
| 2007-08 | എൽ.എഫ്.ടി.12-803/10/ 28.01.11 |
| 2008-09 | എൽ.എഫ്.ടി.12-1776/10/<br>20.04.11/02.09.11 |
| 2009-10 | എൽ.എഫ്.ടി.പി3-364/12/ 28.04.12 |
| 2010-11 | എൽ.എഫ്.ടി.പി3- 365/12/ 28.04.12/<br>05.07.12 |
| 2011-12 | എൽ.എഫ്.ടി.പി3/692/13<br>01.08.13/05.10.13 |
| 2012-13 | എൽ.എഫ്.ടി.പി3/2146/<br>13/02.04.2014 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ (പി3)<br>1925/14/ 13.07.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ<br>പി3/349/16, 14.03.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ<br>പി3/1929/16, 29.11.2016 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ<br>പി3/1416/2017, 10-11-17/27-11-17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ<br>പി3/1671/2018, തീ.28.11.2018 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# <u>അനുബന്ധം -1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

<table>
<tr><td>1</td><td>റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്</td><td rowspan="3">സംക്ഷിപ്തം (Audited Abstract)</td></tr>
<tr><td>2</td><td>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്</td></tr>
<tr><td>3</td><td>ബാലൻസ് ഷീറ്റ്</td></tr>
</table>

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ